# ദൈവം ത്രിയേകനാണോ?

വെരി. റവ. വി. സി. ഗീവറുഗീസ്
കോറെപ്പിസ്ക്കോപ്പാ.

www.malankaralibrary.com

A. M. D. G.

# ദൈവം ത്രിയേകനാണോ?

ഗ്രന്ഥകർത്താവ്

വെരി. റവ. വി. സി. ഗീവറുഗീസ്
കോറെപ്പിസ്കോപ്പ.

കിഴക്കമ്പലം, ആലുവാ

1968.

www.malankaralibrary.com

*Nihil Obstat:*

Fr. Thomas Pathiparambil

*Imprimatur:*

Mathew Nedungatt
Vicar General.

Marygiri, Tiruvalla,
8th Sept. 1968.

www.malankaralibrary.com

# ആമുഖം.

ദൈവം ത്രിയേകനല്ലെന്നും യേശുക്രിസ്തു ദൈവമല്ലെന്നും പരിശുദ്ധാത്മാവ് കേവലം ശക്തിമാത്രമാണെന്നും അഭിപ്രായമുള്ള ചിലർ സത്യവിശ്വാസികളെ തെറ്റിദ്ധരിപ്പിച്ച് കുഴക്കുന്നതായി അറിയുന്നു. എന്നാൽ ഞാൻ ഈ വിഷയങ്ങളെ സംബന്ധിച്ച് വേദപുസ്തകം മുഖേന പല നല്ല ഗ്രന്ഥങ്ങളുടെയും സഹായത്താൽ ഒരു പഠനം നടത്തിയിട്ട് ദൈവം ത്രിയേകനാണെന്നും യേശുക്രിസ്തു അനാദ്യന്ത ദൈവം തന്നെയെന്നും പരിശുദ്ധാത്മാവ് ത്രിത്വത്തിൽ ഒരുവനായ വ്യക്തിതന്നെയെന്നും എനിക്ക് കൂടുതൽ ബോധ്യം വരുകയാണ് ചെയ്തത്. എന്റെ ബോധ്യത്തിന്നാധാരമായ വേദതെളിവുകൾ ക്രോഡീകരിച്ച് എഴുതി കിട്ടണമെന്ന് ബ. തോമ്പ്ര ഗീവറഗീസ് അച്ചൻ അവർകൾ എന്നോടാവശ്യപ്പെടുകയും അതിന്നായി എന്നെ പ്രോത്സാഹിപ്പിക്കയും ചെയ്തതിന്റെ ഫലമായി ഈ ലഘു പുസ്തകം ചമയ്ക്കാനിടയായി. ഒരു വാദപ്രതിവാദത്തിനായി ഇതെഴുതിയിട്ടുള്ളതല്ല. ഞാൻ കണ്ട തെളിവുകൾക്ക് ഒരു സാക്ഷിത്വം വഹിപ്പാനായി മാത്രം ചമച്ചിട്ടുള്ളതാകുന്നു. പരിശുദ്ധതമ ത്രിത്വത്തിന് ഈ പുസ്തകം സമർപ്പിക്കുന്നു.

ഗ്രന്ഥകർത്താ.

മേരിഗിരി—തിരുവല്ലാ. 1968.

www.malankaralibrary.com

# പ്രസാധകൻെറ പ്രസ്താവന.

ഞാൻ തിരുവല്ല മിഷ്യനിലെ ആദ്യകാലപ്രവർത്തകരിൽ ഒരുവനാണ്. വടക്കൻ തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും മിഷ്യൻ പ്രവർത്തനങ്ങളിൽ പലപ്പോഴും ഇടപ്പെട്ടു സഞ്ചരിപ്പാൻ ഇടയായപ്പോൾ, 'യഹോവായുടെസാക്ഷികൾ" എന്ന പേരിൽഅനേകആളുകൾ, ത്രീയേകദൈവമില്ലെന്നും യേശുക്രിസ്തു ദൈവമല്ലെന്നും' പരിശുദ്ധാത്മാവു ഒരു ശക്തിമാത്രമാണന്നും പഠിപ്പിച്ചുവരുന്നതു അറിയുവാൻ ഇടയായിട്ടുണ്ടു്.

അതിനാൽ വേദാനുസരണമായി പ്രസ്തുതവിഷയങ്ങളെ സംബന്ധിച്ചു സത്യവിശ്വാസം ചുരുക്കത്തിൽ എഴുതുന്നതിനു് ബ: വി. സി. ഗീവറുഗീസു് കോറെപ്പിസ്ക്കോപ്പായെ ചുമതലപ്പെടുത്തുകയും ആയതു അദ്ദേഹം സസന്തോഷം സ്വീകരിക്കയും ചെയ്തു. ഈ ലഘുഗ്രന്ഥം ചമച്ചു എന്നെ ഏല്പിച്ചു.

ബ: പത്തിപറമ്പിൽ അച്ചൻ അവർകൾ പരിശോധിച്ചു Nihil obstat നൽകിയതിനു എനിക്കു് അദ്ദേഹത്തോടുള്ള കൃതജ്ഞത പ്രകാശിപ്പിച്ചു കൊള്ളുന്നു.

എന്നു്, ഫാദർ വറുഗീസു് തോമ്പ്രം.

www.malankaralibrary.com

# വിഷയവിവരം.


| | | Pages |
|---|---|---|
| 1. | ദൈവത്തിന്റെ ത്രിയേകത്വം. | 1 |
| 2. | യേശുക്രിസ്തു ദൈവമാണോ? | 17 |
| 3. | പരിശുദ്ധാത്മാവു് ത്രിയേക ദൈവത്തിൽ ഒരു വ്യക്തിയാണോ? | 48 |



MALANKARA
LIBRARY

www.malankaralibrary.com

# I

# ദൈവത്തിൻെറ ത്രിയേകത്വം

ക്രിസ്തുസഭയുടെ ആരംഭകാലം മുതലെ ത്രിത്വം സാധാരണക്കാൎക്ക പരിചിതമായിരുന്നു. കാരണം മത്താ: 28: 19—ൽ പറയുംപ്രകാരംപിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അത്രെ മാമ്മോദീസാ നൽകിക്കൊണ്ടിരുന്നതു്. രണ്ടാം നൂററാണ്ടിൽ തെൎത്തുല്യനാണു് ത്രിത്വം എന്ന വാക്കു് ആദ്യമായി ഉപയോഗിച്ചതെന്നു് പറയപ്പെടുന്നു. ആദ്യത്തെ മൂന്നു നൂററാണ്ടിൽ സഭാപിതാക്കന്മാരുടെ ഇടയിൽ ദൈവം ത്രിയേകനാണെന്നുള്ള പഠനം സൎവ്വത്ര വ്യാപിച്ചിരുന്നതുകൊണ്ടാണു് നിഖ്യാസുന്നഹദോസിൽ വച്ചു് അറിയൂസിനെ മുടക്കിയതു് എന്നു് വ്യക്തമാണല്ലൊ. ത്രിത്വത്തെക്കുറിച്ചു് അഗാധതത്വങ്ങൾ വിശദമാക്കുന്നതിനു ഭൂരിപക്ഷം ക്രിസ്ത്യാനികൾ പ്രാപ്തരായിരിക്കണമെന്നില്ല. എന്നാൽ മാമ്മോദീസായിൽ പഠിച്ചറിഞ്ഞിട്ടുള്ള ത്രിത്വപരമായ സത്യത്തെ വിട്ടുകളയുന്നതിനു് സാമാന്യജനം തയ്യാറാകുകയുമില്ല.

ത്രിയേകത്വം ഒരു വിശ്വാസസത്യമായി പരസ്യപ്രഖ്യാപനം ചെയ്യതു്നിഖ്യാസുന്നഹദോസിൽ വച്ചാണു്. സഭയിലുള്ള അസ്പഷ്ടമായ സത്യങ്ങളെക്കുറിച്ചു് തൎക്കങ്ങൾ ഉണ്ടാകുമ്പോൾ പൊതുസുന്നഹദോസുകൾ കൂടി, യഥാൎത്ഥസത്യത്തെ പരസ്യപ്രഖ്യാപനം ചെയ്യുകയും അതിനെ സ്വീകരിക്കാത്തവരെ സഭയിൽ നിന്നു് തള്ളിക്കളയുകയും ചെയ്യാറുണ്ടായിരുന്നു.

www.malankaralibrary.com

ത്രിയേകത്വം വേദാനുസരണമാണെങ്കിൽ ക്രിസ്ത്യാനികൾ അതു് നിഷേധിക്കാവുന്നതല്ല. ആദികാലത്തു് ത്രിത്വത്തെ സംബന്ധിച്ചുള്ള പ്രൗഢമായ ഉപദേശം ആദിമക്രിസ്ത്യാനികൾ എല്ലാം ഗ്രഹിച്ചിരിക്കാനിടയില്ല. ഏതു വിഷയത്തെക്കുറിച്ചും ആദിമശതകങ്ങളേക്കാൾ ഈ ഇരുപതാംനൂററാണ്ടിൽ കൂടുതൽ വെളിച്ചവും തെളിച്ചവും ഉണ്ടായിരിക്കുമെന്നുള്ളതിന്നു് ഇന്നത്തെ വിലപ്പെട്ട ക്രൈസ്തവഗ്രന്ഥങ്ങൾ തന്നെ തെളിവാണു്. ആദ്യകാലത്തു് സഭയിൽ മങ്ങിക്കിടന്നിരുന്ന സത്യങ്ങൾ വി: പിതാക്കന്മാർ നടത്തുന്ന അന്വേഷണങ്ങളും വാഗ്വാദങ്ങളും കൊണ്ടു് കൂടുതൽ ചികഞ്ഞു് നോക്കി വ്യക്തങ്ങളാക്കിയിട്ടുണ്ടു്. അപ്പോഴും ചില മഹാശയന്മാർക്ക കാര്യം മനസ്സിലായിട്ടുണ്ടെങ്കിലും സാധാരണ എഴുത്തുകാർക്കു് എല്ലാക്കാര്യങ്ങളും അഭിവ്യക്തമായിരുന്നില്ല. അതിനാൽ ത്രിത്വത്തെപ്പററി പലവിധത്തിലും ഉള്ള പുസ്തകങ്ങൾ നാലാംനൂററാണ്ടിൽ കാണുന്നതിൽ അത്ഭുതപ്പെടുവാനില്ല. ത്രിത്വത്തിലെ മൂർത്തികളുടെ ഐക്യത്തെപ്പററി ഇന്നുള്ളപോലെ അന്നു് എല്ലാവരും വ്യക്തമായി ധരിച്ചു എന്നു വിചാരിക്കേണ്ടതില്ല.

പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ മാമ്മോദീസാ സ്വീകരിച്ചവർക്കു് ത്രിത്വത്തെ ശരണീകരിക്കാതിരിപ്പാൻ കഴിയുന്നതല്ല. ത്രിത്വനിഷേധികളായ ചുരുക്കം ചിലർ പഴയകാലത്തുണ്ടായിരുന്നതുകൊണ്ടു് ക്രിസ്തുസഭ ത്രിത്വത്തെ നിഷേധിച്ചു എന്നും വിചാരിക്കാവുന്നതല്ല. ത്രിത്വത്തിൽ വിശ്വസിക്കുന്നവർ മൂന്നു

www.malankaralibrary.com

ദൈവങ്ങളിൽ വിശ്വസിക്കുന്നില്ല എന്നുള്ളതു് വ്യക്തമായിരിക്കണം. ക്രിസ്തുസഭയുടെ ഉത്ഭവംമുതലേ ഏകദൈവ വിശ്വാസമെ ഉണ്ടായിരുന്നുള്ളു. നിഖ്യാസുന്നഹദോസിൽ വാദമായിരുന്നതു് ത്രിത്വത്തിലെ ആദ്യത്തെ രണ്ടു മൂർത്തികൾ തമ്മിലുള്ള സാമ്യം എത്രത്തോളം എന്നുള്ളതായിരുന്നു. നിഖ്യാസുന്നഹദോസ് ത്രിയേകത്വം പൊതുവിശ്വാസമായി അംഗീകരിച്ചു.

ആദ്യശതകങ്ങളിൽ തന്നെ പിതാവു് പുത്രൻ പരിശുദ്ധാത്മാവു് എന്ന ത്രിത്വത്തെ അംഗീകരിക്കാതെ മാമ്മോദീസാ സ്വീകരിപ്പാൻ നിവൃത്തിയില്ലായിരുന്നു. അതിനാൽ ത്രിയേകവിശ്വാസം ആദ്യം മുതലേ ക്രിസ്തുസഭയിൽ ഉള്ളതാണു്. എന്നാൽ അതിന്റെ ആഴമേറിയ സിദ്ധാന്തങ്ങൾ ആദ്യശതകളിൽ ക്രൂലങ്കഷമായി പരിശോധിച്ചിരുന്നില്ല. ഇക്കാലത്തും ത്രിയേകത്വം സ്ഥാപിക്കത്തക്ക ഗ്രഹപാടവമുള്ളവർ വളരെ ചുരുക്കമാണു്. ഏകദൈവത്തിൽ മൂന്നു മൂർത്തികൾ ഉണ്ടെന്നും എങ്കിലും ദൈവം ഒന്നുമാത്രമാണെന്നുമാണു് സത്യവിശ്വാസം. മൂന്നു് മൂർത്തികൾ ഉള്ള ഏകദൈവത്തിലാണു സത്യക്രിസ്ത്യാനികൾ വിശ്വസിക്കുന്നതു്. ത്രിത്വത്തെ കൂടാതെ ഏകദൈവാരാധന ആസ്തികമതജ്ഞാനത്തിന്റെ താണ പടിയാണു്— ത്രിയേകദൈവാരാധന ഉയൎന്ന പടിയാണു്. ബഹു ദൈവ വിശ്വാസത്തിൽ നിന്നു് ഏക ദൈവ വിശ്വാസത്തിലേക്കും ഏക ദൈവ വിശ്വാസത്തിൽ നിന്നു ത്രിയേക ദൈവ വിശ്വാസത്തിലേക്കും ഉയൎന്നു വരികയാണു ചെയ്തിട്ടുള്ളതു്.

www.malankaralibrary.com

ക്രിസ്തുവിനെക്കുറിച്ച സകലവും സൃഷ്ടിച്ചതു് അവനാണെന്നു് കൊലോ. 1:16 ലും യോഹ. 1:3 ലും പറയുന്നു.

[വേദവാക്യങ്ങൾ ഉദ്ധരിക്കുന്നതു് പ്രോട്ടസ്റ്റാണ്ടുകാർ ഉപയോഗിച്ചുവരുന്ന ബൈബിൾ സൊസൈററി ഓഫ് ഇന്ത്യ ആൻഡ് സിലോൺ. ബാംഗളൂർ–1– 1962– പതിപ്പിൽ നിന്നാണു്.]

വീണ്ടും റോമ. 11: 36–ൽ സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നു എന്നും കാണുന്നു.

എബ്രാ. 13: 8 ൽ "യേശു ക്രിസ്തു ഇന്നലെയും ഇന്നും എന്നന്നേയ്ക്കും അനന്യൻ തന്നെ" എന്നു് എഴുതിയിരിക്കുന്നതിനാൽ ത്രികാലങ്ങളിലും അവൻ ഒന്നുപോലെയിരിക്കുന്നു എന്നും വ്യക്തമാണു്.

കൊലൊ. 1: 17–ൽ അവൻ സകലത്തിനും ആധാരമായിരിക്കുന്നു." എന്നാണു് പറയുന്നതു്. ദൈവത്തിന്റെ പ്രത്യേകതയെല്ലാം ഈ 4—ഭാഗങ്ങളിലും ക്രിസ്തുവിനും ഉള്ളതായി വ്യക്തമാണു്.

മനുഷ്യനായി അവതരിച്ചതു കൊണ്ടു് ക്രിസ്തു ഒരു അത്യത്ഭുതകരമായ ത്യാഗം നടത്തിയെന്നുള്ളതു ശരിയാണു് അതിനാൽ ദൈവത്തോടു് തനിക്കു മുമ്പുണ്ടായിരുന്ന സമത്വം എന്നേയ്ക്കുമായി ലഭിക്കാതെ പോകുമെന്നു് വിചാരിക്കാൻ വഹിയാ. തന്റെ ക്രൂശുബലിയാൽ പിതാവു് പ്രസാദിച്ചു് തന്റെ ആദ്യ മഹിമകൾ എല്ലാം തനിക്കു കൊടുക്കുകയും സകല നാമത്തിനും മേലായി തന്നെ ഉയർത്തു

www.malankaralibrary.com

കയും ചെയ്തു. യോഹ. 17: 15; ഫിലി. 2: 6–11 ക്രിസ്തു ദൈവമല്ലെങ്കിൽ "ഇപ്പോൾ പിതാവെ, ലോകം ഉണ്ടാകും മുമ്പെ എനിക്കു് നിൻെറ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിൻെറ അടുക്കൽ മഹത്വപ്പെടുത്തണമെ" എന്നു് പ്രാർത്ഥിക്കുന്നതെങ്ങനെ ? (യോഹ. 17: 5) യാതൊരു മനുഷ്യനും ഇങ്ങനെ പ്രാർത്ഥിച്ചിട്ടില്ല. യോഹ. 6: 62–ൽ "മനുഷ്യപുത്രൻ മുമ്പേ ഇരുന്നിടത്തേക്കു് കയറിപ്പോകുന്നതു് നിങ്ങൾ കണ്ടാലൊ" എന്നു പറഞ്ഞിരിക്കുന്നതിനാൽ താൻ ഇരുന്നിരുന്ന ഒരു സ്ഥലം മുമ്പുണ്ടായിരുന്നുവെന്നും, അവിടേക്കു് താൻ വീണ്ടും കരേറിപ്പോകുമെന്നും വ്യക്തമാണു്. സ്വർഗ്ഗത്തിൽ നിന്നു് ഇറങ്ങി വന്ന മനുഷ്യപുത്രൻ എന്നു് യോഹ. 3: 13 ലും മേലിൽ നിന്നു വരുന്നവൻ, സ്വർഗ്ഗത്തിൽ നിന്നു വരുന്നവൻ എന്നു് യോഹ. 3: 31 ലും സ്വർഗ്ഗത്തിൽ നിന്നു് ഇറങ്ങി വന്ന അപ്പം എന്നു് യോഹ. 6: 41 ലും ക്രിസ്തു പറഞ്ഞിട്ടുള്ളതിനാൽ താൻ കേവലം മനുഷ്യൻ മാത്രമാണെന്നു പറയാമോ–

പരിശുദ്ധാത്മാവു് ഒരു ശക്തിയാണെന്നു് ഞങ്ങൾ സമ്മതിക്കുന്നു. പക്ഷെ മൂർത്തിരഹിതമായ ഒരു ശക്തിയല്ല. ആശ്വാസപ്രദൻ, കാര്യസ്ഥൻ, എന്നു് പരിശുദ്ധാത്മാവിനെപ്പററി പറയുന്നതിനാൽ പരിശുദ്ധാത്മാവു് ഒരു മൂർത്തിയാണെന്നു് വ്യക്തമാണു്–അപ്പ: പ്രവൃത്തികൾ 13: 2–ം കാണുക: "ഞാൻ ബർന്നബാസിനെയും ശൌലിനെയും വിളിച്ചിരിക്കുന്ന വേലയ്ക്കായിട്ടു് അവരെ എനിക്കു വേർതിരിപ്പിൻ". "എനിക്കു്" "ഞാൻ" എന്നെല്ലാം പരിശുദ്ധാത്മാവു പറയുന്നതിനാൽ വെറും ശക്തിമാത്രമല്ല വ്യ

www.malankaralibrary.com

കതിക്രുടിയാണെന്നു തെളിയുന്നു. എഫേ. 4: 30—ൽ ദൈവത്തിൻെറ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതു് എന്നു പറയുന്നതിനാൽ പരിശുദ്ധാത്മാവിനു് ദുഃഖിക്കുവാൻ കഴിയുമെന്നു് വ്യക്തമാണു്. എങ്കിൽ അതു് ശക്തിമാത്രമല്ല മൂർത്തിയും ക്രുടിയാണു് റോമ. 8: 26—ൽ "ആത്മാവു്......നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു." എന്നു കാണുന്നു. വ്യക്തിയല്ലെങ്കിൽ പ്രാർത്ഥിക്കുവാൻ കഴിയുന്നതെങ്ങനെ? 1 തെസ. 5: 19—ൽ" ആത്മാവിനെ കെടുക്കരുതു് എന്നു പറയുന്നതിനാൽ കെടുമതി അനുഭവിക്കുന്നവനായും കാണുന്നു. 1കോറി. 2: 10—ൽ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നവനായി പറഞ്ഞിരിക്കുന്നു. യോഹ. 14: 26—ൽ പരിശുദ്ധാത്മാവു് ഉപദേശിച്ചു തരുന്നവനായി പറയുന്നു. വെറും ശക്തിയോ വ്യക്തിയോ എന്നു് ഈ വാക്യങ്ങൾ കൊണ്ടു് കാണുക.

ത്രിയേകദൈവമെന്നു് ബൈബിളിൽ എഴുതിയിട്ടില്ല എന്നതുകൊണ്ടുമാത്രം അതു് നിഷിദ്ധമല്ല. കാരണം ത്രിയേകദൈവം എന്നതിനു് വേദത്തിൽ തെളിവുകൾ കാണുന്നു. പ്രത്യക്ഷരം രേഖപ്പെടുത്തിയിട്ടില്ല എങ്കിലും ആ തത്വത്തിനു തെളിവുള്ളതിനാൽ ആയതു അംഗീകരിക്കേണ്ടതാണു്. മത്താ: 28: 19—ൽ "പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ" എന്നു രേഖപ്പെടുത്തിയിരിക്കുന്നു. II-കോറി. 13:14—ൽ "കർത്താവായ യേശുക്രിസ്തുവിൻെറ സ്നേഹവും പരിശുദ്ധാത്മാവിൻെറ ക്രുട്ടായ്മയും," എന്നെഴുതിയിരിക്കുന്നു. യോഹ: 10: 30—ൽ "ഞാനും പിതാവും ഒന്നാകുന്നു"

www.malankaralibrary.com

ാവെന്നും യോഹ: 14: 9—ൽ. "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" വെന്നും പറയുന്നു. പിതാവും പുത്രനും ഭിന്നനല്ല എന്നല്ലേ ഈ വാക്യങ്ങൾ കാണിക്കുന്നതു്. പരിശുദ്ധാത്മാവിനെക്കുറിച്ച് പിതാവിൽ നിന്നു് പുറപ്പെടുന്നവൻ എന്നു് യോഹ: 15: 26—ൽ കാണുന്നു. ഇങ്ങനെ ത്രിയേക ദൈവത്തെക്കുറിച്ച് ഉപദേശിച്ച അപ്പോസ്തോലന്മാർ ത്രിയേകദൈവത്തിൽ വിശ്വാസമുണ്ടായിരുന്നുവെന്നു് വ്യക്തമാണു്. ത്രിയേകദൈവം എന്ന വാക്ക പെട്ടെന്നു് യഹൂദവിശ്വാസികൾക്ക കുഴക്കമുണ്ടാക്കുവാനിടയുണ്ടെന്നു് എഴുത്തുകാർ സംശയിച്ചിരിക്കാം. ബഹു ദേവവിശ്വാസികളായിരുന്ന പുറജാതികൾ ഏകദൈവവിശ്വാസത്തിൽ സ്ഥിരപ്പെട്ടശേഷം ആകട്ടെ എന്നു കരുതിയിരിക്കാം.

ദൈവവെളിപാടുകൾ ക്രമപ്രവൃദ്ധമാണു്. (progressive revelation) പഴയനിയമത്തേക്കാൾ പുതിയ നിയമം കൂടുതലായ സത്യം വെളിപ്പെടുത്തിയിരിക്കുന്നു. യോഹ: 17:3—ൽ കത്താവിൻെറ പ്രാത്ഥനയിൽ പിതാവിനേയും പുത്രനേയും കുറിച്ച് മാത്രമേ പറയുന്നുള്ളു. മത്തായി 28: 19—ൽ ത്രിത്വത്തെക്കുറിച്ച് കത്താവു് വെളിപ്പെടുത്തി.

എന്നാൽ ത്രിത്വവും മൂത്തികൾ തമ്മിലുള്ള ഐക്യവും ഉണ്ടെന്നല്ലാതെ അതിൻെറ യുക്തിഭാഗം പുതിയ നിയമത്തിൽ പറഞ്ഞിട്ടില്ല. അതിനാൽ യുക്തിവാദികളെ പൂണ്ണമായി തൃപ്തിപ്പെടുത്തുവാൻ ത്രിമൂത്തികളുടെ ഐക്യത്തിൻെറ മുഴുവിവരണവും പറയുവാൻ തരമില്ല, ആവശ്യവുമില്ല. യുക്തിക്ക

www.malankaralibrary.com

മുഴുവൻ തൃപ്തിവന്നില്ലെങ്കിലും വേദത്തിൽ കാണുന്ന സത്യത്തെ സ്വീകരിക്കാതെ നിവൃത്തിയില്ല. ദൈവം ഉണ്ട് എന്നതിനു യുക്തിയിൽ മാത്രം ആശ്രയിച്ചു നിൽക്കാൻ അസാധ്യമാണ്. ശ്രുതിയും അനുഭവവും യുക്തിയോടു ചേർക്കുമ്പോൾ അതു ബോധ്യമാകുകയാണ്.

ത്രിത്വവിശ്വാസം മൂഢവിശ്വാസമല്ല. അതിനെ നിഷേധിക്കുന്നതു പാപം തന്നെ. കാരണം അതു വേദാനുസരണമായ ഉപദേശമാണ്. ഏക ദൈവത്തിൽ ത്രിത്വം അടങ്ങിയിട്ടില്ല എന്നു പറയുന്നവർ വേദവിപരീതികളാകുന്നു. സാക്ഷാൽ ദൈവം ഒന്നു മാത്രം. ആ ദൈവം മൂന്നു മൂർത്തികളുടെ ഐക്യമാണ്. ദൈവം ഇച്ഛിക്കുമ്പോൾ സ്വയം വിഭജിക്കുവാൻ കഴിയും. എന്നാൽ ദൈവത്തെ മറ്റുള്ളവർക്കു വിഭജിച്ചുകൂടാ.

ത്രിയേകദൈവം എന്ന പദം വേദത്തിലില്ലെങ്കിലും ദൈവം ത്രിയേകനാണെന്ന് വേദവാക്യങ്ങൾകൊണ്ടു മനസ്സിലാക്കാം. ത്രിയേകത്വോപദേശത്തിന് വിപരീതവാക്യങ്ങൾ വേദത്തിലില്ല. അനുകൂല തെളിവുകൾ ഉണ്ട്. ദൈവം ഒരുവൻ എന്ന വേദോപദേശം ജാതികളുടെ ബഹുദൈവവിശ്വാസത്തെ ഖണ്ഡിക്കുവാനുള്ള പ്രസ്താവനകളാണ്. അല്ലാതെ ത്രിയേക വിശ്വാസത്തെ തകർക്കുവാനുള്ളതല്ല. ഏക ദൈവവിശ്വാസത്തെപ്പറ്റി എഴുതിയ വാക്യങ്ങൾ എഴുതിയ നാളുകൾ കഴിഞ്ഞതാണ് ത്രിയേകത്വം എന്ന സത്യം വെളിപ്പെട്ടതും. ക്രിസ്ത്യാനികൾ ഏക ദൈവവിശ്വാസികൾ

www.malankaralibrary.com

തന്നെ. ബഹുദൈവവിശ്വാസമില്ല. ത്രിയേകനെന്ന വാക്ക് ബഹുദൈവങ്ങളുണ്ടെന്നു വരുത്തുന്നില്ല. ത്രി എന്നതിനോടുകൂടി ഏകം എന്ന പദം പ്രയോഗിച്ചതുകൊണ്ടുതന്നെ അതു് വിശദമാകുന്നു. ത്രിത്വത്തിൽ വിശ്വസിക്കുന്നവർ ബഹുദൈവങ്ങളിൽ വിശ്വസിക്കുന്നില്ല. ദൈവം സത്യേകൻ എന്നതു് താണതരം പാഠവും ത്രിയേകൻ എന്നതു ഉയർന്ന തരം പാഠവുമാകുന്നു. ത്രിയേക ദൈവം എന്നതിനെതിരായി ഒറ്റ വാക്യവും വേദത്തിലില്ല. ബഹുദൈവ വിശ്വാസത്തിന്നെതിരായി വാക്യങ്ങൾ ഉണ്ടു്. ദൈവം ഏകനാണെന്നു പറയുമ്പോൾ ത്രിയേകനല്ല എന്നു വരുന്നില്ല.

ത്രിയേകൻ എന്നതു പരസ്പരവിരുദ്ധവുമല്ല. ഏകൻ=ഒരുവൻ. ത്രിയേകൻ=ഒന്നു മൂന്നായവൻ. മൂന്നു് വ്യക്തിത്വങ്ങളോടുകൂടിയ ഒരുവൻ.

ഏകദൈവത്വത്തെ ത്രിത്വത്തിലും ത്രിത്വത്തെ ഏകത്വത്തിലും ഞങ്ങൾ വന്ദിക്കുന്നു. ദൈവത്തിന്റെ ഏകത്വം മൂന്നു മൂർത്തികളുടെ ഘടനയാണു്. ബഹുദൈവവിശ്വാസികൾ താഴ്ന്നപടിയിലും, ഏകദൈവവിശ്വാസികൾ മദ്ധ്യമപടിയിലും ത്രിയേകവിശ്വാസികൾ ഉയർന്നപടിയിലും നില്ക്കുന്നു. ദൈവം സത്യേകനായതുകൊണ്ടു് ത്രിയേകൻ അല്ലെന്നു് വരുന്നില്ല.

ഏക ദൈവമെന്നേ വേദത്തിലുള്ളു. ത്രിയേക ദൈവമെന്ന പദം വേദത്തിലില്ലാത്തതിനാൽ ത്രിയേകദൈവവിശ്വാസം സ്വീകാര്യമല്ലെന്നു് പറയുന്നതു് ശരിയല്ല. സൂര്യൻ ഭൂമിയെ ചുററുന്നതായി

www.malankaralibrary.com

ട്ടാണ് കാണുന്നത്. അതിനാൽ ഭൂമി സൂര്യനെ ചുററുന്നു എന്നു പറഞ്ഞുകൂടാ എന്നു ശഠിച്ചാൽ അതു് ശരിയാകുമോ? ഭൂമി സൂര്യനെ ചുററുന്നതിനു് തെളിവുകൾ ഉള്ളപ്പോൾ പ്രത്യക്ഷത്തിൽ കാണാത്തതിനെ സ്വീകരിക്കയാണ് ചെയ്യുന്നതു്. ത്രിയേകദൈവം എന്നുള്ള നാമം ബൈബിളിൽ ഇല്ലെങ്കിലും പ്രമാണ ബലംകൊണ്ടുള്ള സ്പഷ്ടമായ ഉപദേശം ബൈബിളിൽ ഉണ്ടു്.

ദൈവം ഒരിക്കൽ ഏകനെന്നു വെളിപ്പെട്ടതി—പിന്നീട് ആ ഏകത്വം ത്രിമൂർത്തികളുടെ ഐക്യമാണെന്നു് വെളിപ്പെടുത്തുന്നുവെങ്കിൽ പരസ്പരവിരുദ്ധമായി അതിൽ ഒന്നും ഇല്ല. വെളിപാടുകളുടെ പരമ്പര നോക്കുക. ആദ്യം ദൈവം ഏലോഹിം എന്നു് അറിയപ്പെട്ടു. ആ ദൈവത്തെ "എയിൽ" ആയി പിന്നീടു് അറിയപ്പെട്ടു. ആ "എയിൽ" തന്നെയാണ് പിന്നീട് "എൽശദ്ദായി" എന്നു വെളിപ്പെട്ടതു്. ആ "എൽശദ്ദായി"പിന്നീട് ഏകദൈവമായ "യഹോവ" എന്നറിയപ്പെട്ടു. യഹോവ തന്നെയാണ് പിതാവു്, പുത്രൻ, പ: ആത്മാവു് എന്ന ത്രിയേക ദൈവമായി വെളിപ്പെട്ടതു്.

ഏകത്വത്തിൽ ത്രിത്വവും ത്രിത്വത്തിൽ ഏകത്വവും അടങ്ങിയിരിക്കുന്നു എന്നു് വെളിപ്പെടുത്തിത്തരുമ്പോൾ അതു് ഗ്രഹിക്കുവാൻ പ്രയാസമെങ്കിലും ദൈവവെളിപാടിനെ സ്വീകരിച്ചേ മതിയാവൂ.

പുത്രനും, പരിശുദ്ധാത്മാവും, സത്യേകദൈവങ്ങളല്ലെങ്കിൽ അവരുടെ സാക്ഷാൽ നാമങ്ങളിൽ

www.malankaralibrary.com

കൂടി മാമ്മോദീസാ കൊടുക്കുന്നതു് എന്തിനാണു്? (മത്താ: 28: 19) ദൈവമല്ലാത്തവരുടെ നാമങ്ങളിൽ കൂടിയും മാമ്മോദീസാ സ്വീകരിക്കണമോ? സത്യേകദൈവത്തിൽ ആധേയപ്പെട്ടിരിക്കുന്ന ഒരു ശക്തിമാത്രമാണു് പരിശുദ്ധാത്മാവു് എന്നുവരുകിൽ അതിനു തനിയെ ഒരു അധികാരവും നാമവും കൊടുത്തു പിതാവിൽനിന്നും വ്യത്യാസപ്പെട്ട ഒരു വ്യക്തിയായി കാണിപ്പാൻ എന്തു കാരണം? II കോരി: 13: 14—ൽ ദൈവത്തിൻെറ സ്നേഹവും, കത്താവായ യേശുക്രിസ്തുവിൻെറ കൃപയും, പരിശുദ്ധാത്മാവിൻെറ ക്രൂട്ടായ്മയും എന്നിങ്ങനെ മൂത്തികളെ വേർതിരിച്ചും, അവരുടെ വ്യാപാരശക്തികളെ വെവ്വേറെയും പറയുന്നു. ക്രിസ്തുവിനെക്കുറിച്ചു് ആദിയിൽ വചനമുണ്ടായിരുന്നുവെന്നും, വചനം ദൈവത്തോടുകൂടെ ആയിരുന്നുവെന്നും, യോഹ: 1: 1—ൽ പറയുന്നു. ക്രിസ്തുവിൻെറ അനാദ്യത അവിടെ സ്പഷ്ടമാണു്. യോഹ: 1: 9—ൽ ക്രിസ്തു മനുഷ്യാവതാരത്തിനുമുമ്പു് തന്നെ ലോകത്തിലേക്കു വന്നുകൊണ്ടിരുന്നതായി പറയുന്നു. വെളി: 22: 13—ൽ "ഞാൻ അല്ഫയും ഒമേഗയും, ഒന്നാമനും, ഒടുക്കത്തവനും, ആദിയും അന്തവും ആകുന്നു" എന്നു ക്രിസ്തുവിനെക്കുറിച്ചു് പറയുന്നു. ആദിയിൽ അവനുണ്ടായിരുന്നെങ്കിൽ അവനുമുമ്പു് മറെറാരു ആദിയില്ലായിരുന്നു. പിതാവുള്ളപ്പോൾ അവനും ഉണ്ടായിരുന്നു. കോലോ 1: 17—ൽ അവൻ സകലത്തിനും ആധാരമായിരിക്കുന്നവനും ആണെന്നു പറയുന്നു. ഈ വാക്യങ്ങളിൽനിന്നും പുത്രനുമുമ്പു് എന്തെങ്കിലും ഉണ്ടായിരുന്നതായി കാണുന്നില്ല. ഏശായ: 9: 6—ൽ ക്രിസ്തുവിനെ "നിത്യപിതാവു്" എന്നു പറ

www.malankaralibrary.com

ഞ്ഞിരിക്കുന്നതു കാണുക. നിത്യതക്കുമുമ്പ് പിന്നെ വല്ലതുമുണ്ടോ? എബ്രാ: 1: 10—12 വാക്യങ്ങളിൽ പുത്രനെക്കുറിച്ചുള്ള പ്രവചനം പറയുന്നതു നോക്കുക. ക്രിസ്തു അനന്യൻ, ഭൂതം, വത്തമാനം, ഭാവി കാലങ്ങളിൽ മാററമില്ലാത്തവൻ, എന്നു കാണുന്നില്ലയോ? എബ്രാ: 13: 8—ഉം ഇതിനോടുചേർത്തു ഒത്തു നോക്കുക.

പുത്രനായ ദൈവം മനുഷ്യനാകുന്നതെങ്ങനെ എന്നു സംശയിച്ചേക്കാം. യോഹ: 1: 14—ൽ വചനം ജഡമായിത്തീർന്നു എന്നും യോഹ: 1: 1—ൽ ആ വചനം ദൈവം ആയിരുന്നുവെന്നും പറഞ്ഞിരിക്കുന്നതിനാൽ ഈ സംശയത്തിനവകാശമില്ല. കോലോ: 2—9—ൽ "അവനിലല്ലോ ദൈവത്തിൻെറ സവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു്" എന്നു എഴുതിയിരിക്കുന്നതിനാൽ ദൈവത്തിലുള്ളതെല്ലാം ക്രിസ്തുവിനുണ്ടെന്നു സ്പഷ്ടമല്ലേ? വെളി: 22—13—ൽ "ഞാൻ ഒന്നാമനും ഒടുക്കത്തവനും" എന്നു പറഞ്ഞിരിക്കുന്നതിനാൽ സകലത്തിൻെറയും ആദിയായ ദൈവം ക്രിസ്തു തന്നേയെന്നു താൻ സാക്ഷിക്കുന്നു. ഒന്നാമത്തെ സൃഷ്ടി എന്നു അതിനത്ഥം ചേരുകയില്ല. അങ്ങനെയെങ്കിൽ ഒടുക്കത്തവനെന്നതിനു ഒടുക്കത്തെ സൃഷ്ടിയെന്നും അത്ഥംവരണം. അതിനാൽ ഒന്നാമത്തവൻ എന്ന വാക്കിൻെറ അത്ഥം സവ്വവും ആരംഭിക്കുന്നവനെന്നും ഒടുക്കത്തവൻ എന്നതിൻെറ അത്ഥം സവ്വവും അവസാനിപ്പിക്കുന്നവനെന്നും ആണു്. ജഗത്തു് മുഴുവനേയും ഉത്ഭവിപ്പിക്കുന്ന ദൈവം എന്നു സാരം. കോലോ: 1: 17—ൽ "അവൻ സവ്വത്തിനും

www.malankaralibrary.com

മുമ്പേയുള്ളവൻ" "സകലത്തിനും ആധാരമായിരിക്കുന്നവൻ" എന്നു വ്യക്തമാക്കിയിരിക്കുന്നതിനാൽ ക്രിസ്തു ദൈവമല്ലാതെ പിന്നെ ആരാണു? എബ്രാ: 13=8-ൽ "യേശുക്രിസ്തു ഇന്നലേയും ഇന്നും എന്നന്നേയ്ക്കും അനന്യൻ" എന്നു പറഞ്ഞാൽ സനാതനൻ എന്നു തന്നെയാണു സാരം. ഭൂതം, വർത്തമാനം ഭാവി കാലങ്ങളിൽ ഒരുപോലെയിരിക്കുന്ന ദൈവം തന്നെയെന്നു സ്പഷ്ടം. മത്താ: 1: 22-ൽ ക്രിസ്തുവിനു ഇമ്മാനുവേൽ=ദൈവം നമ്മോടുകൂടെ എന്ന നാമം ഗബ്രിയേൽ പറയുന്നു. അതിനാലും ക്രിസ്തുവിനെ ദൈവം തന്നെയെന്നു മാലാഖയും സാക്ഷിക്കുന്നു.

പരിശുദ്ധാത്മാവിനെ പിതാവിൻെറ ശക്തിയായി പറയുന്ന പക്ഷം പിതാവിൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ സ്നാനപ്പെടുത്തുവാൻ എന്തിനു പറയുന്നു? രണ്ടാളുകളാകയാലാണു രണ്ടു നാമം പറയുന്നതു. 2കോറി. 13: 14-ഉം ഒന്നു നോക്കുക. ഒരു മൂർത്തിയും അതിൻെറ ശക്തിയും കൂടിയാൽ ഒരാൾ മാത്രമേയുള്ളു. പരിശുദ്ധാത്മാവു എന്ന വേറൊരു നാമം മറെറാരാളെത്തന്നെ സ്പഷ്ടമാക്കുന്നു. ശക്തിയില്ലാതെ ഒരു വസ്തു ഇല്ല. വസ്തു എന്നു പറഞ്ഞാൽ ശക്തി അതിലടങ്ങും. ആ സ്ഥിതിക്കു പരിശുദ്ധാത്മാവു പിതാവിൻെറ ശക്തി മാത്രമാണെങ്കിൽ പിതാവു എന്നും പരിശുദ്ധാത്മാവു എന്നും രണ്ടു നാമങ്ങൾ ആവശ്യമില്ല. പിതാവെന്ന ഏക നാമം മതിയാകും. ശക്തിയല്ലാതെ വസ്തു ഇല്ലെങ്കിൽ പിതാവിൽ നിന്നു ശക്തിയെ പിരിച്ചു പറഞ്ഞിട്ടു എന്തു കാര്യം? പിതാവു

www.malankaralibrary.com

മാത്രമാണു് ദൈവമെങ്കിൽ പിതാവിൻെറ നാമത്തിൽ മാത്രം സ്നാനപ്പെട്ടാൽ മതിയായിരുന്നു. ക്രിസ്തു മനുഷ്യൻ മാത്രമാണെങ്കിൽ ക്രിസ്തുവിൻെറ നാമത്തിൽ എന്തിനു സ്നാനപ്പെടുന്നു? പരിശുദ്ധാത്മാവു് പിതാവിൻെറ ശക്തി മാത്രമാണെങ്കിൽ പരിശുദ്ധാത്മാവിൻെറ നാമത്തിൽ എന്തിനു സ്നാനപ്പെടുന്നു? വേദത്തിൽ പരിശുദ്ധാത്മാവിനെ വെറും ശക്തിമാത്രമായിട്ടല്ല കാര്യസ്ഥനും ആശ്വാസപ്രദനുമായിട്ടാണു പഠിപ്പിച്ചിരിക്കുന്നതു്. കാര്യസ്ഥൻ, ആശ്വാസപ്രദൻ എന്നതു് പുല്ലിംഗമാണല്ലോ. പിതാവിനേയും പുത്രനേയും പുരുഷത്വമുള്ളവരായി പുല്ലിംഗത്തിൽ പറഞ്ഞിരിക്കുന്നപോലെ പരിശുദ്ധാത്മാവിനെയും പുല്ലിംഗത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

ത്രിയേകത്വവിശ്വാസികൾ പിതാവിനേയും പുത്രനേയും പരിശുദ്ധാത്മാവിനേയും സമാവകാശികളും സമപ്രഭാവികളുമായി സ്വീകരിക്കുന്നു. അതേസമയത്തു് ദൈവം ത്രിയേകൻ എന്നു വിശ്വസിക്കുന്നതിനാൽ ബഹുദൈവവിശ്വാസത്തെ തള്ളുകയും ചെയ്യുന്നു.

പുത്രൻ പുത്രനായതു് അനാദിയിൽ പിതാവിൽനിന്നും ജനിച്ചതുകൊണ്ടാണു്. അതിനു് ആദിയില്ല. പരിശുദ്ധാത്മാവു് പിതാവിൽനിന്നു് പുറപ്പെട്ടതും അനാദിയിലാണു്. (യോഹ: 15: 26—ൽ പുറപ്പെട്ട കാര്യം പറയുന്നു) സൂര്യഗോളമുള്ളപ്പോൾ തന്നെ ചൂടും വെളിച്ചവും ഉണ്ടാകുന്നു. അതിനു മുൻപിൻ എന്ന ക്രമം ഇല്ല. ത്രിത്വത്തിൽ

www.malankaralibrary.com

മൂത്തതും ഇളയതും ആരെന്നു് പറയാവതല്ല. മൂന്നു് ആളുകളും ഒരേ ആദിയിൽതന്നെയുണ്ടു്. ത്രിത്വത്തിലെ കാര്യങ്ങൾ വേദത്തിൽ എഴുതിയിരിക്കുന്നിടത്തോളം നമുക്കറിയാം. അത്രയും നാം പ്രസ്താവിക്കുന്നു.

ഉല്പത്തി: 1: 1–ൽ ദൈവത്തിനു് എഴുതിയിരിക്കുന്ന പദം ഏലോഹിം എന്നാണു്. അതു് ബഹുവചനമാണു്. അതു് ത്രിയേകദൈവത്തെ ചൂണ്ടുന്നു. ഉല്പ: 1: 26; 3: 22; 11: 7 എന്ന വാക്യങ്ങളിൽ "നാം" എന്ന ബഹുവചനപ്രയോഗവും ത്രിയേകദൈവത്തെ ചൂണ്ടുന്നു. "ഞാൻ" എന്ന പദം പഴയനിയമത്തിൽ ദൈവം ഉപയോഗിച്ചിട്ടുണ്ടു്. അതിനാൽ ബഹുവചനത്തിൽ ത്രിത്വമായ മൂന്നു് ആളുകളേയും ഏകവചനത്തിൽ ഏകദൈവത്തേയും സൂചിപ്പിക്കുന്നു. ദൈവം ഏകനാണെന്നു് നമ്മെ അറിയിച്ച ദൈവം തന്നെ, തന്നിൽ മൂന്നാളുകൾ ഉണ്ടെന്നും അറിയിച്ചു. അതു വെളിപ്പെടുത്തിയ സത്യമാകയാൽ വിശ്വസിക്കതന്നെ വേണം.

അപ്പ: പ്രവൃത്തി: 2: 38–ൽ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ" എന്നു് എന്തുകൊണ്ടു പറഞ്ഞിരിക്കുന്നു? നാമം എന്നതിനു് അധികാരം എന്ന അൎത്ഥം ഉണ്ടു്. യേശുക്രിസ്തുവിന്റെ അധികാരത്തിൻകീഴു് സ്നാനപ്പെടുത്തി എന്നാണൎത്ഥം. ആ സ്നാനസമയം ഉപയോഗിച്ചിരുന്ന വചനം "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ" എന്നാണു്. അതുയേശുവിന്റെ നാമത്തിൽ സംസാരിക്ക എന്ന

www.malankaralibrary.com

പറഞ്ഞിട്ടുള്ളതുപോലെയാണ്, യേശുവിന്റെ നാമത്തിൽ സ്നാനപ്പെടുകയെന്നുള്ളതും. സ്നാനപ്പെടുത്തുന്നവർ പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ എന്ന് ഉച്ചരിക്കണം. അത് മത്താ: 28: 19 ആണ്. സ്നാനപ്പെട്ടവരെ സംബന്ധിച്ച് മററുള്ളവർ പറയുമ്പോൾ അവർ യേശുവിന്റെ നാമത്തിൽ സ്നാനപ്പെട്ടു എന്നു പറഞ്ഞാൽ മതിയാകും. യേശുവിന്റെ അധികാരത്തിലേക്കു ചെന്നു എന്നു കാണിക്കുന്നു. ചരിത്രകാരന്മാർ അതിനാൽ യേശുവിന്റെ നാമത്തിൽ സ്നാനപ്പെട്ടു എന്ന് രേഖപ്പെടുത്തിയിരുന്നു. വി:മത്തായി സുവിശേഷത്തിൽ യേശുക്രിസ്തു പറയാത്ത സംഗതി പറഞ്ഞതായി നാം വിചാരിച്ചുകൂടാ. (28:19) യഹൂദന്മാർ പിതാവിന്റെ നാമവും പരിശുദ്ധാത്മാവിന്റെ നാമവും അംഗീകരിച്ചിരുന്നു. അവർക്കു ഇടർച്ചയുണ്ടായിരുന്നതു് യേശുക്രിസ്തുവിന്റെ നാമം പറയുന്നതിലായിരുന്നു. അതിനാൽ തക്കം യേശുക്രിസ്തുവിന്റെ നാമം എന്നുള്ളതിലാണ്. ആ നാമത്തിൽ സ്നാനപ്പെട്ടു എന്ന് ചരിത്രകാരൻ പറഞ്ഞാൽ കാര്യം വ്യക്തമായി. ക്രിസ്തുവിന്റെ അധികാരത്തിൻകീഴ് വന്നുവെന്ന് അപ്പോൾ തെളിവാണ്. യഹൂദമതത്തിൽനിന്നും മാററംവന്നുവെന്നു കാണിപ്പാൻ ക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെട്ടു എന്നു പറഞ്ഞാൽ മതിയായിരുന്നു.

www.malankaralibrary.com

## II

# യേശുക്രിസ്തു ദൈവമാണോ?

മുൻ അദ്ധ്യായത്തിൽ ഇതിനെപ്പററി പറഞ്ഞിട്ടുണ്ടെങ്കിലും ഈ അദ്ധ്യായത്തിൽ ഒന്നുകൂടെ വിശദീകരിക്കുവാൻ തുനിയുന്നു.

യോഹ: 1:1. "ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു."

ദൈവമായിരുന്നു ആ വചനം എന്നാണ് 3-ാം വാചകത്തിൻെറ അർത്ഥം. വചനം ആരായിരുന്നു എന്ന ചോദ്യത്തിൻെറ ഉത്തരമാണ് 3-ാം വാചകം. വചനം = ലോഗോസ് 1-ാം വാക്യത്തിൽ വചനത്തിൻെറ (ലോഗോസ്) ആസ്തിക്യം കാലത്തിനു മുമ്പുള്ളതാണെന്നു് സ്പഷ്ടമാക്കി. രണ്ടാം വാചകത്തിൽ വചനത്തിൻെറ (Logos) വ്യക്തിപരമായ ഇടപാടു് ദൈവത്തോടുകൂടെ ആയിരുന്നുവെന്നു് കാണിക്കുന്നു. 3-ാമത്തെ വാചകത്തിൽ വചനത്തിൻെറ സാരാംശം (Essence) ദൈവം തന്നെയെന്നും വ്യക്തമാക്കി.

അതേസമയം വചനത്തെ (Logos-നെ) ദൈവത്തിൽനിന്നും വേർതിരിച്ചറിയുവാൻ സാധിക്കും. എന്നാലും വചനത്തിൻെറ ദൈവസ്വഭാവം (Divine Nature) സ്പഷ്ടമാക്കുന്നു. ഒരു ദൈവം എന്നല്ല വചനത്തെപ്പററി ഇവിടെ പറഞ്ഞിരിക്കുന്നതു്.

www.malankaralibrary.com

യഹൂദനു് അതു് വഹിക്കുവാൻ സാധിക്കുകയില്ലായിരുന്നു. എന്നാൽ ദൈവം എന്നു് വിളിക്കപ്പെടാവുന്ന ഏതിനും അതു് ചേരുകയും ചെയ്യും. യോഹ: 3: 2—ൽ "അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ടു് അവനോടു് സദൃശന്മാർ ആകും" കർത്താവിൻെറ ദൈവത്വം അന്നു വ്യക്തമാകും. അപ്പോൾ നമുക്കു് ദൈവദർശനം (Beatific Vision) ലഭിക്കും.

ഒരു ദൈവമേയുള്ളു എന്നതിനു് സംശയമില്ല. "വചനം" അതേ ദൈവം തന്നെയാണെന്നു സ്പഷ്ടമായി ഏവൻഗേലിസ്ഥ പറയുന്നു. "ദൈവം ഒരുവനല്ലോ" എന്നു് I തീമോ: 2: 5—ൽ പറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ വചനം (Logos) പല ദൈവങ്ങളിൽ ഒരു ദൈവം എന്ന അർത്ഥം വരുകയില്ല. I യോഹ: 5—20—ൽ ക്രിസ്തുവിനെപ്പററി ഇതേ അപ്പസ്തോലൻ "അവൻ സത്യദൈവവും നിത്യജീവനും ആകുന്നു" എന്നു് ആർക്കും സംശയം വരാത്തവിധം എഴുതിയതും ഇതൊന്നിച്ചു് കാണുക.

വചനം ഒരു ദൈവമായിരുന്നു എന്നു് ഒരിക്കലും യോഹ: 1: 1—നെ തർജ്ജമ ചെയ്തുകൂടാ.

യോഹ: 1: 18—ൽ (Revised Standard Version) "The only Son" (ഏകജാതനായ പുത്രൻ) എന്നതിൻെറ Foot Note—ൽ other ancient authorities read 'God" എന്നു് എഴുതിയിരിക്കുന്നു. അപ്പോൾ പുരാതന ലിപികളിൽ

www.malankaralibrary.com

ഏകജാതനായ ദൈവം എന്നുണ്ടായിരുന്നുവെന്നു് തെളിവാണു്. സുറിയാനി മാറാനീത്തോ പ്ശീത്താ വിപ്പിൽനിന്നും യാക്കോബായ സഭയിലെ സുറിയാനി പണ്ഡിതനായിരുന്ന വ. ദി. ശ്രീ കോനാട്ടു് മാത്തൻ മല്പാനച്ചൻ അവർകൾ പരിഭാഷപ്പെടുത്തിയിട്ടുള്ള പുതിയ നിയമത്തിൽ "പിതാവിൻെറ മടിയിലിരിക്കുന്ന ഏകപുത്രനായ ദൈവത്താൽ" എന്നു് വിവൎത്തനം ചെയ്തിരിക്കുന്നു. സുറിയാനി പ്ശീത്തായിൽനിന്നു് ക. നി. മൂ. സ. മാണിക്കത്തനാർ അവർകൾ തൎജ്ജമചെയ്ത പുസ്തകത്തിൽ "തൻെറ പിതാവിൻെറ മടിയിൽ ഇരിക്കുന്ന ഏകജാതനായ ആ ദൈവം" എന്നു വിവൎത്തനംചെയ്തിരിക്കുന്നു—ഇങ്ങനെ പുരാതന പുതിയനിയമ പതിപ്പുകളിൽനിന്നും വിവൎത്തനം ചെയ്തപ്പോൾ യേശുക്രിസ്തുവിനെ ദൈവപുത്രനായും, സാക്ഷാൽ ദൈവവുമായി തന്നെയാണു് എഴുതിയിരിക്കുന്നതായി കണ്ടതു്. അതിനാൽ അപ്പസ്തോലന്മാരും ആദിമസഭയും ക്രിസ്തുവിനെ ദൈവമായി വിശ്വസിച്ചിരുന്നതായി കാണുന്നു.

"ഏകജാതനായ ദൈവം" എന്ന വിവൎത്തനത്തെ പരിത്യജിച്ചാലും (യോഹ. 1: 18.) ക്രിസ്തുവിൻെറ ദൈവത്വത്തെ അതു നമുക്കു മനസ്സിലാക്കിത്തരുന്നു. 1കോ. 2: 11–ൽ "മനുഷ്യനിലുള്ളതു് അവനിലെ മനുഷ്യാത്മാവല്ലാതെ മനുഷ്യരിൽ ആര് അറിയും—അവ്വണ്ണം തന്നെ ദൈവത്തിലുള്ളതു് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല." ഈ ദൈവാത്മാവിൻെറ പരിപൂൎണ്ണമായ അഭിഷേകം ദൈവപുത്രനായ യേശു ക്രിസ്തുവിനാണു് ലഭിച്ചിട്ടുള്ളതു്.

www.malankaralibrary.com

യോഹ. 3: 34–35. ഈ ദൈവാത്മാവിനെ എ ങ്ങോട്ടെങ്കിലും അയക്കുവാൻ ക്രിസ്തുവിനു കഴിയുക യും ചെയ്യും. മനുഷ്യൻ എന്ന നിലയിൽ ദൈവാ ത്മാവിന്റെ അഭിഷേകം ഉണ്ടെങ്കിലും ദൈവം എന്ന നിലയിൽ ദൈവാത്മാവിനെ ക്രിസ്തുവിന്റെ ആത്മാവെന്നും വേദത്തിൽ പറയുന്നു. റോ. 8: 9. പ്രവൃ. 16: 7. വീണ്ടും യോഹ. 15: 26–ൽ "ഞാൻ നിങ്ങൾക്കയപ്പാനുള്ള കാര്യസ്ഥൻ" എന്നും പറയു ന്നു. യോഹ. 16: 7–ൽ "ഞാൻ പോയാൽ അവ നെ നിങ്ങളുടെ അടുക്കൽ അയക്കും" എന്നും കർത്താ വ് പറഞ്ഞിട്ടുണ്ട്. യോഹ. 16: 15–ൽ "പിതാ വിനുള്ളതു ഒക്കെയും എനിക്കുള്ളതു" എന്ന് പറ ഞ്ഞിരിക്കെ പിതാവിന്റെ ആത്മാവായ പരിശു ദ്ധാത്മാവ് ക്രിസ്തുവിന്റെയും ആത്മാവാണ്. അ തിനാൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നു വ്യക്തികൾ അന്യോന്യം അറിയുന്ന പോലെ വേറെ ആർക്കും ആ ത്രിമൂർത്തികളെ അറിയു വാൻ സാധ്യമല്ല. മത്താ. 11:27–ൽ "പിതാവല്ലാ തെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തി കൊടുപ്പാൻ ഇച്ഛിക്കുന്നവനും അ ല്ലാതെ ആരും പിതാവിനെ അറിയുന്നതുമില്ല." പുത്രൻ പിതാവായ ദൈവത്തെ അറിയുന്നതു് പുത്രൻ ഏക ജാതനായ ദൈവം തന്നെയാകയാലാണ്. പുത്രനായ യേശു ക്രിസ്തുവിനെ പിതാവല്ലാതെ ആ രും അറിയുന്നില്ല എന്ന് മത്താ. 11:27–ൽ പറയു ന്നതിൽ നമ്മുടെ ശ്രദ്ധ പതിയണം. യേശുക്രിസ്തു വിനെ മറിയസുതനെന്നും, തച്ചനെന്നും, പ്രവാച കനെന്നും, റബ്ബി, എന്നും മററുള്ളവർ അറിഞ്ഞി രുന്നു. എന്നാൽ മററുള്ളവർക്കു മറവായിരുന്ന ഒരു

www.malankaralibrary.com

മർമ്മം ക്രിസ്തുവിലുണ്ടു്. അതു പിതാവാണു് അറി യുന്നതു്. ആ മർമ്മം ആണു് ക്രിസ്തു ദൈവമാണെന്ന കാര്യം.

യോഹ. 20:28. കാണുക. "എൻെറ കർത്താവും എൻെറ ദൈവവുമായുള്ളോവെ." ഇതു് തോമ്മാശ്ലീഹാ ക്രിസ്തുവിനോടു് പറയുന്നതാണു്. യഹൂദൻ എന്ന നിലയിൽ യഹോവ മാത്രം ഏക ദൈവം എന്നു് ചെറുപ്പം മുതൽ പഠിച്ചിട്ടുള്ള തോമ്മാശ്ലീഹാ ക്രിസ്തുവിനെ ദൈവം എന്നു ഏററു പറയുന്നു. ഒരു ദൈവമേ ഉള്ളു. (ആവ. 6: 4.) ആ ദൈവം ക്രിസ്തു തന്നെയെന്നു തോമ്മാശ്ലീഹാ പറഞ്ഞു എങ്കിൽ മാർ തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ ക്രിസ്തുവിനെ "എൻെറ ദൈവമേ" എന്നു തന്നെയല്ലേ പറയേണ്ടതു്?

തോമസ് പറഞ്ഞതു് തെററാണെങ്കിൽ ക്രിസ്തു അതു തിരുത്തേണ്ടതല്ലേ. എന്തുകൊണ്ടു് അതിനു് തോമ്മായെ ക്രിസ്തു ശാസിച്ചില്ല. തോമാ സത്യം ആണു് ഏററു പറഞ്ഞതു്. ക്രിസ്തു ദൈവമാണെന്നു് തോമാശ്ലീഹാ പറയുന്നു; ക്രിസ്തുവും അതു സമ്മതിക്കുന്നു. പിന്നെ നാം എന്തിനു സംശയിക്കുന്നു. ഒരു ദൈവമേ ഉള്ളു. ബഹു ദൈവങ്ങളില്ലാതാനും.

ക്രിസ്തുവിനെക്കുറിച്ചു് റോമർ 9:5-ൽ സെൻറ് പോൾ പറയുന്നതു്. "അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നേക്കും വാഴ്ത്തപ്പെട്ടവൻ" എന്നാണു്. ഇതു പിതാവിനെ ഉദ്ദേശിച്ചു പറയുന്നവെന്നു് ചിലർ പറയുന്നതു് പിശകാണു്. കാരണം ക്രിസ്തുവിൻെറ ജഡജന്മമാണു് ഇവിടെ പറയുന്ന

www.malankaralibrary.com

വിഷയം. ആ സ്ഥലത്തു് യഹോവായ്ക്കുള്ള ഒരു സ്തോത്രഗീതം (Doxology) ഇവിടെ എഴുതേണ്ട ആവശ്യമേയില്ല. ക്രിസ്തുവിനേക്കുറിച്ചു് പറയുന്ന വിവരണത്തിൽ പിതാവിനെ ആവിർഭവിപ്പിക്കുന്നുവെങ്കിൽ "അവൻ" എന്ന സർവ്വനാമത്തിനു പകരം പിതാവു് എന്നോ യഹോവാ എന്നോ പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. "ക്രിസ്തുവും അവരിൽ നിന്നല്ലോ ഉത്ഭവിച്ചതു്.—" എന്ന വാചകത്തിന്റെ ശേഷം "അവൻ" ക്രിസ്തു എന്നല്ലാതെ അതു പിതാവാണെന്നു് ഗ്രഹിപ്പാൻ അസാദ്ധ്യമാണു്. ഈ വിവാദവാക്യത്തെ പ്രതിപക്ഷക്കാർ തർജ്ജമ ചെയ്യുന്ന വിധം തെററാണു്. "സർവ്വത്തിനും മീതെ ദൈവമായവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ" എന്നാണു് അവരുടെ തർജ്ജമ. ഈ ഭാഗം ഇങ്ങനെ തർജ്ജമ ചെയ്താൽ തൊട്ടു മുകളിലത്തെ വാചകത്തോടു് സംബന്ധമില്ലാതാകുന്നു. ക്രിസ്തുവിന്റെ കാര്യം പറഞ്ഞുവരുമ്പോൾ ഒരു ആവശ്യവുമില്ലാതെ പിതാവിന്റെ കാര്യം ഇടയ്ക്കു കുത്തിച്ചെലുത്തുന്നതു് യുക്തിക്കു ചേരുന്നില്ല. മാത്രവുമല്ല സെൻറ് പോൾ എഫേസ്യർ, ഫിലിപ്പ്യർ ലേഖനങ്ങളിൽ ക്രിസ്തുവിന്റെ ഈ ഉന്നതാവസ്ഥയെപ്പററി പറയുന്നതു തന്നെ ഇവിടെയും ക്രിസ്തുവിനെപ്പററി പറയുന്നതാണെന്നുള്ള നിഗമനത്തിൽ എത്തിക്കുന്നു. എഫേ. 1:20–23; ഫിലി. 2: 6–11.

തിത്തോസ് 2: 12–ൽ "മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ" എന്നു് സെൻറ് പോൾ പറഞ്ഞിരിക്കെ റോമൻ ലേഖനത്തിലെ പ്രസ്തുതവാക്യം വേറെ വിധത്തിൽ വ്യാഖ്യാനിക്കുന്നതു് അനാവശ്യമാണു്.

www.malankaralibrary.com

യോഹ: 14: 9—ൽ "എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" എന്നു ക്രിസ്തു പറയുന്നതിനാൽ ക്രിസ്തുവിനെ ദൈവമായി അപ്പസ്തോലന്മാർ വിശ്വസിച്ചുപോലെ ഇളമുറക്കാരനായ സെൻറ് പോളും വിശ്വസിച്ചതായി വിചാരിക്കാനെ ന്യായമുള്ളു.

യോഹ. 12:41—ൽ ഏശായാ ദീർഘദർശി കണ്ട യഹോവായാണു യേശുക്രിസ്തു എന്ന സൂചന കാണുന്നു. അതിനാൽ സെൻറ് പോൾ യേശുക്രിസ്തുവിനെ "സർവ്വത്തിനും മീതെ ദൈവം" എന്നു പറഞ്ഞതിൽ പരിഭ്രമിക്കാനൊന്നുമില്ല. വെളി. 19: 18—ൽ "മഹാ ദൈവത്തിന്റെ അത്താഴത്തിനു" എന്നു ദൈവത്തിനു "മഹാദൈവം" എന്ന പേർ പറയുന്നു. സർവ്വോപരി നാഥനായ ക്രിസ്തുവിനെ മഹാ ദൈവമെന്നു സെൻറ് പോൾ പറഞ്ഞതു്, അപ്പസ്തോലിക വിശ്വാസ പ്രകാരം തന്നെയാണു്.

തീത്തോ: 2: 12—നെയും പ്രതിപക്ഷക്കാർ കോട്ടിമാട്ടി തർജ്ജമചെയ്യുന്നു. ശരിയായ തർജ്ജമ:— "മഹാദൈവവും നമ്മുടെ രക്ഷിതാവും ആയ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ടു്......" പ്രതിപക്ഷതർജ്ജമ:—"മഹാദൈവത്തിന്റേയും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവിന്റേയും തേജസ്സിന്റെ......"

ഈ വാക്യം ക്രിസ്തുവിന്റെ രണ്ടാം വരവിനെപ്പററിയുള്ളതാണെന്നു നിസ്സംശയമാണു്. രണ്ടാം വരവു് പിതാവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയല്ലെന്നു് ആർക്കാണു് അറിഞ്ഞുകൂടാത്തതു്. രണ്ടാം

www.malankaralibrary.com

വരവ് ക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയാണ്. നാം കാത്തിരിക്കുന്നതു് പിതാവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടല്ല. ക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടാണ്. പിതാവ് ഒന്നാമതു് വന്നിട്ടില്ല; രണ്ടാമതും വരുന്നതുമല്ല. ക്രിസ്തുവിന്റെ ഒന്നാംവരവ് എളിമയുടേതായിരുന്നു. ഇനി അവൻ തേജസ്സോടെ രണ്ടാമതും വരും. അതിനു നാം കാത്തിരിക്കുന്നു. ക്രിസ്തുവിന്റെ രണ്ടാംവരവിന് നാം കാത്തിരിക്കുമ്പോൾ പിതാവിന്റെ രണ്ടാംവരവിനും കൂടിയാണെന്ന് വരത്തക്കവണ്ണം വാക്യം തർജ്ജമചെയ്താൽ പ്രത്യക്ഷത്തിൽ തന്നെ തെറ്റാണ്.

സാമാന്യമായി ചിന്തിച്ചാൽ പിതാവിനെ മഹാദൈവം എന്ന് വിശേഷിപ്പിച്ച് എഴുതേണ്ട ആവശ്യമേയില്ല. പിതാവിനെ സംബന്ധിച്ച് തർക്കമേയില്ല. ക്രിസ്തു വെറും മനുഷ്യനല്ലേ എന്ന സംശയമാണ് യഹൂദന്മാർക്കും ജാതികൾക്കും തോന്നാവുന്നതു്. അതിനെ തിരുത്തേണ്ട ആവശ്യം സെൻറ പോളിനുണ്ടായിരുന്നു. അതിനാൽ ക്രിസ്തു മഹാദൈവം തന്നെയെന്നു് വായനക്കാർ ഗ്രഹിക്കുവാൻ സെൻറ പോൾ എഴുതി.

എബ്രാ: 1: 8—12. വായിച്ചാൽ ക്രിസ്തു ആരാണെന്നു് തെളിയും.

"ദൈവമേ നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളതു്" ഇവിടെ ദൈവമേ എന്നു് ക്രിസ്തുവിനെ സംബോധന ചെയ്തിരിക്കുന്നു.

"ദൈവമേ നിന്റെ ദൈവം നിന്റെ കൂട്ടുകാ

www.malankaralibrary.com

രിൽ പരമായ! നിന്നെ ആനന്ദതൈലംകൊണ്ടു് അഭിഷേകം ചെയ്തിരിക്കുന്നു."

ഇവിടെയും ക്രിസ്തുവിനെ ദൈവം എന്നു വിളിക്കുന്നു. "കർത്താവെ! നീ പൂർവ്വകാലത്തു് ഭൂമിയ്ക്കടിസ്ഥാനമിട്ടു." ഇവിടെ ക്രിസ്തുവിനെ കർത്താവേ എന്നു വിളിക്കുന്നു. "നീയോ അനന്യൻ, നിന്റെ സംവത്സരങ്ങൾ അവസാനിക്കയുമില്ല."

സങ്കീ: 102: 25-ൽ നിന്നുള്ള ഉദ്ധരണിയിൽ ക്രിസ്തുവിനെ "കർത്താവു്" എന്നു പറയുന്നു: കർത്താവു് എന്ന പദം സെപ്റ്റുവജിന്റു് പഴയനിയമത്തിൽ (ഗ്രീക്കു് തർജ്ജമ) യഹോവ എന്ന എബ്രായപദത്തിനു് ചെയ്തിട്ടുള്ള തർജ്ജമയാണു്. "ക്യുരിയോസ്" എന്ന ഗ്രീക്കുപദം യഹോവായ്ക്കു് പകരം ഗ്രീക്കു് തർജ്ജമയിൽ ചേർത്തു. യഹോവ എന്ന പദം യഹൂദന്മാർക്കു് ഉച്ചരിക്കുവാൻതന്നെ ഭയമായിരുന്നതിനാലാണു് ഗ്രീക്കിൽ "കർത്താവു്" എന്നർത്ഥമുള്ള KURIOS എന്ന പദം എല്ലായിടത്തും ചേർത്തതു്. അപ്പോൾ സങ്കീർത്തനക്കാരൻ ക്രിസ്തുവിനെ സൂചിപ്പിച്ചെഴുതിയ പ്രവചനത്തിൽ യഹോവ എന്നുതന്നെയാണു് എഴുതിയതു്.

പ്രതിപക്ഷക്കാർ പറയാറുണ്ടു്: ദൈവം എന്നുള്ള നാമം, ദൈവത്തിന്റെ കാര്യം നടത്തുവാൻ അധികാരം ലഭിച്ചിട്ടുള്ള എവർക്കും കൊടുത്തിരുന്നുവെന്നു്. എന്നാൽ എബ്രായലേഖനത്തിൽനിന്നു് ഉദ്ധരിച്ച ഭാഗത്തിൽ "ദൈവമേ" എന്നു ക്രിസ്തുവിന്നെ വിളിച്ചശേഷം പറയുന്ന സംഗതികൾ ദൈവത്തിന്റെ കാര്യവിചാരിപ്പുകാരനോടു പറയുന്ന

www.malankaralibrary.com

വിധത്തിലല്ലല്ലൊ. "എന്നേയ്ക്കുമുള്ള സിംഹാസനം, ഭൂമിക്കടിസ്ഥാനം ഇട്ടു" എന്ന ഭാഗങ്ങൾ വെറും കാര്യവിചാരിപ്പുകാരൻേറതാകുന്നതെങ്ങനെ?

പുറ: 4: 16—നെയാണു് പ്രതിപക്ഷക്കാർ എടുത്തുകാണിക്കുന്നതു്. "നിനക്കുപകരം അവൻ ജനത്തോടു സംസാരിക്കും; അവൻ നിനക്കു വായായിരിക്കും, നീ അവനു് ദൈവവുമായിരിക്കും."

ഈ വാക്യം ശരിയായി തർജ്ജമചെയ്തിരിക്കുന്നതു്: "you shall be to him *as God*"(Revised Standard Version).

പ്ശീത്തോയിലെ തർജ്ജമ:— "നീയൊ അവനു ദൈവത്തിനു പകരമായിരിക്കും." By ക. നി. മൂ. സ. മാണിക്കത്തനാർ അവർകൾ.

Chain References. Bible—King James version.

"And thou shalt be to him instead of God"

അഹറോൻ മൂശയെ ദൈവമായി ആരാധിച്ചുകൊള്ളുണമെന്നല്ല. ദൈവം എങ്ങനെ മോശക്കു് നേതാവായിരുന്നുവോ, അങ്ങനെ മോശ അഹറോനു് നേതാവായിരിക്കണമെന്നാണു്. ദൈവത്തോടു് ഇടപെടുന്നകാര്യങ്ങളൊക്കെയും, അഹറോൻമോശവഴിയായി നടത്തണം എന്നാണു് അർത്ഥം. ദൈവത്തിനെന്നപോലെ മോശെക്കു് അഹറോൻ കീഴ്പ്പെട്ടിരിക്കണം. അതിനാൽ ഗ്രീക്കിലും ലത്തീനിലും

www.malankaralibrary.com

ളള തൎജ്ജമ "ദൈവത്തെ സംബന്ധിച്ചുള്ളവയിൽ അവന്(അഹറോന്)നീ(മോശ) ആയിരിക്കണം" എന്നത്രെ. എബ്രായഭാഷയിൽ "നീയൊ അവന് ദൈവത്തിന്നുപകരമായിരിക്കും" എന്നാണ്—ദൈവത്തിൻെറ കാൎയ്യസ്ഥനായമോശയെ ദൈവമെന്ന് അഹറോനൊ മറ്റാരെങ്കിലുമോ വിളിച്ചിട്ടില്ല. മോശയെ ആരാധിച്ചിട്ടില്ല. എന്നാൽ യേശുക്രിസ്തുവിനെ ദൈവം എന്ന് വിളിച്ചിട്ടുണ്ടെന്നുമാത്രമല്ല അവനെ ആരാധിക്കയും ചെയ്യുന്നു. ക്രിസ്തുവിന് ദൈവത്വം കല്പിക്കാതെ ആരാധിക്കാൻപാടില്ല.

82—ാം സങ്കീൎത്തനത്തിൽ "ദേവന്മാർ" എന്ന് ന്യായാധിപതിമാരെ പറയുന്നത് നിയന്താക്കൾ എന്നഅൎത്ഥത്തിലാണ്. അല്ലാതെ ബഹുദൈവങ്ങളുണ്ടെന്ന അൎത്ഥത്തിലല്ല.

പുറ: 7: 1; 22: 28;എന്നീ വാക്യങ്ങളിലെ ഏലോഹീം എന്നപദം ന്യായാധിപൻ എന്നത്രെ തൎജ്ജിമചെയ്യേണ്ടതു്.

22: 28.ൽ,'Ruler"എന്ന്Revised Version ൽകാണുക (അധിപതി) 7: 1.—ൽ ഞാൻ നിന്നെ ഫറവോന് ദൈവമാക്കിയിരിക്കുന്നു. Revised Version:- "I make you as God to Pharaoh"

മുൻ അദ്ധ്യായത്തിൽ കാണിച്ച മൂശയുടെ ഭയത്തിനും വിഷമതയ്ക്കും പ്രതിശാന്തിയായിട്ടാണ് ഇതരുളിച്ചെയ്തിരിക്കുന്നതു്. ദൈവത്തിൻെറ പ്രതിനിധി സ്ഥാനത്തു് ഫറവോനെ വിധിക്കയും, ദൈവത്തിൻെറ ഉപകരണം എന്ന നിലയിൽ ദൈ

www.malankaralibrary.com

വാധികാരത്തോടുകൂടി അവനേയും അവന്റെ ജനങ്ങളേയും ശിക്ഷിക്കുകയും ചെയ്യേണ്ടതിനു തന്നെ. ഫറവോൻ മോശയുടെ വാക്കു കേൾക്കുമോ എന്നായിരുന്നു മോശയുടെ ഭയം. അതിനാൽ ദൈവം താൻ സൎവ്വശക്തനാകുന്നു എന്നു പ്രസ്താവിച്ചശേഷം സൎവ്വശക്തിയുള്ള തന്റെ സ്ഥാനത്തു അവനെ അയക്കുന്നുവെന്നും തൻമൂലം ഫറവോൻ മനസ്സില്ലാതെ തന്നെ അവനു കീഴ്പെടുമെന്നുമാണു ഇതുകൊണ്ടു കാണിക്കുന്നതു.

ഇനി I യോഹ: 5=20 പരിശോധിക്കാം. "അവൻ (ക്രിസ്തു) സത്യദൈവവും നിത്യജീവനും ആകുന്നു."

ക്രിസ്തുവിനെ സത്യദൈവം, നിത്യജീവൻ എന്നു വിളിച്ചിരിക്കുന്നു. യോഹ: 17: 3-ൽ "ഏകസത്യദൈവമായ നിന്നേയും, നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതുതന്നെ നിത്യജീവൻ ആകുന്നു" എന്നു പറയുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ പിതാവിനെ സത്യദൈവമെന്നും, ലേഖനത്തിൽ ക്രിസ്തുവിനെ സത്യദൈവം എന്നും പറഞ്ഞിരിക്കുന്നു. ലേഖനത്തിലെ വാക്യവും സുവിശേഷത്തിലെ വാക്യവും നോക്കുമ്പോൾ പിതാവിനും പുത്രനും ഉള്ള ഏകീഭാവവും സമത്വവും സ്പഷ്ടമാകുന്നു. I യോഹ: 5: 20 പിതാവിനെക്കുറിച്ചാണെന്നു പ്രതിപക്ഷം പറയുമായിരിക്കും. പിതാവിനെക്കുറിച്ചു പഴയനിയമത്തിൽ അറിഞ്ഞുപോന്നവരോടു പിന്നെ പിതാവിനെക്കുറിച്ചു എന്തിനു പറയുന്നു. ക്രിസ്തുവാണു വിവാദ

www.malankaralibrary.com

വിഷയം. അവനാരാണ് എന്നുള്ളതത്രെ വിശദമാക്കേണ്ടതു്. അതുകൊണ്ടു് യേശുക്രിസ്തുവിനെ തന്നെയാണ് ഇവിടെയും യോഹന്നാൻ പറയുന്നതു്.

കൊലൊ: 2: 9—ൽ "അവനിലല്ലൊ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു്." ഫിലി: 2—6. "അവൻ ദൈവരൂപത്തിലിരിക്കെ". "അവൻ" എന്നു് ഫിലിപ്പിയാലേഖനത്തിലെ മേൽവാക്യത്തിൽ കാണുന്നതു് ക്രിസ്തു തന്നെയെന്നു് സംശയിപ്പാൻ വകയില്ല. 1 യോഹ: 5: 20—നെ മേൽ രണ്ടു വാക്യങ്ങളുടെ വെളിച്ചത്തിൽ പരിശോധിച്ചാലും ക്രിസ്തുവിനെ കുറിച്ചാണു് സത്യദൈവം എന്നു് പറഞ്ഞിരിക്കുന്നതെന്നു് ഗ്രഹിക്കാം.

ഏശായ: 40: 3. മത്താ: 3: 3—ൽ ഉദ്ധരിച്ചിട്ടുണ്ടു്. ഏശായായിലെ വാക്യം ഉദ്ധരിക്കാം. "കേട്ടോ ഒരുത്തൻ വിളിച്ചുപറയുന്നതു് മരുഭൂമിയിൽ യഹോവയ്ക്കു വഴി ഒരുക്കുവിൻ. നിർജ്ജനപ്രദേശത്തു് നമ്മുടെ ദൈവത്തിനു് ഒരു പെരുവഴി നിരപ്പാക്കുവിൻ" പഴയനിയമത്തിൽ യഹോവ എന്നു പറഞ്ഞിരിക്കുന്നതിനെ പുതിയനിയമത്തിൽ (മത്താ: 3: 3) കർത്താവു് (KURIOS) എന്നു പറഞ്ഞിരിക്കുന്നു. ഈ കർത്താവു് യേശുക്രിസ്തുവാണെന്നുള്ളതിൽ സംശയത്തിനു വകയില്ല. കർത്താവിന്റെ വഴി ഒരുക്കുവാൻ യോഹന്നാൻസ്നാപകൻ ക്രിസ്തുവിനു മുമ്പായി നടക്കുമെന്നു് അവന്റെ അപ്പനായ സഖറിയാ പ്രവചിച്ചിട്ടുണ്ടു്. ലൂക്കോ: 1; 77—യോഹന്നാൻ ഒരുക്കുന്ന വഴി ക്രിസ്തുവിനു വേ

www.malankaralibrary.com

ണ്ടിയാണ്. ക്രിസ്തുവിൻെറ പരസ്യശുശ്രൂഷക്കു മുമ്പായി യോഹന്നാൻ നടത്തിയ വേലയാണ് ഈ ഒരുക്കൽ. ഇവിടെ മത്താ: 3: 3—ലെ കർത്താവ് ഏശായയിൽ 40: 3—ലെ യഹോവാ ആയിരിക്കെ ക്രിസ്തുവിനെ ദൈവമായിട്ടല്ലേ പരിഗണിക്കേണ്ടതു്.

ഏശാ: 6: 1—ൽ ഏശായദീർഘദർശിയുടെ ദർശനത്തെപ്പററി പറയുന്നു. കർത്താവ് സിംഹാസനത്തിൽ ഇരിക്കുന്നതായ ദർശനം തന്നെ. അവിടെ സ്രാപ്പികൾ യഹോവ പരിശുദ്ധൻ എന്നു് പാടുന്നു. ഇക്കാര്യം യോഹന്നാൻ ഏവൻഗേലിസ്ഥ തൻെറ സുവിശേഷത്തിൽ പറയുന്നുണ്ടു്. യോഹ: 12—41—കാണുക. "യെശയ്യാവു അവൻെറ തേജസ്സുകണ്ടു് അവനെക്കുറിച്ചു് സംസാരിച്ചതുകൊണ്ടാകുന്നു ഇതു പറഞ്ഞതു്." അപ്പോൾ ഏശായ പ്രവാചകൻ കണ്ടതു് യഹോവായുടെ തേജസ്സ് ക്രിസ്തുവിൻെറ തേജസ്സുതന്നെയാണെന്നു സ്പഷ്ടമാകുന്നു. യഹൂദന്മാർ ക്രിസ്തുവിനെ വിശ്വസിക്കാത്തതു യെശയ്യാപ്രവചനത്തിൻെറ നിവൃത്തിയാണെന്നു കൂടി ഏവൻഗേലിസ്ഥാ പറയുന്നുണ്ടു്. അതിനാൽ യഹോവായും ക്രിസ്തുവും ഒരേ ദൈവംതന്നെയെന്നു സ്പഷ്ടം.

സങ്കീ: 68: 18. "നീ ഉയരത്തിലേക്കു് കയറി ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി; യാഹ് എന്ന ദൈവം അവിടെ വസിക്കേണ്ടതിനു് നീ മനുഷ്യരോടു്, മത്സരികളോടു് തന്നെ, കാഴ്ചവാങ്ങിയിരിക്കുന്നു."

www.malankaralibrary.com

ഈ പ്രവചനത്തിൻെറ നിവൃത്തി എഫേ: 4:7—10. വരെ പറയുന്നു.

ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണത്തെക്കുറിച്ചു സങ്കീർത്തനത്തിലുള്ള പ്രവചനമായി വി: പൌലോസ് ശ്ലീഹാ എഫേസ്യാ ലേഖനത്തിൽ ഇതു ഉദ്ധരിച്ചു പറയുന്നു. അങ്ങനെ സങ്കീർത്തനത്തിൽ പറയുന്ന യഹോവാ തന്നെയാണു പുതിയനിയമത്തിലെ ക്രിസ്തു എന്നു കാണിക്കുന്നു.

I പത്രോ: 3: 14. പരിശോധിക്കാം. അതിൽ ഒരു പഴയനിയമവാക്യാർത്ഥം ഉദ്ധരിക്കുന്നു. "എന്നാൽ ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ" പഴയ നിയമവാക്യം ഉദ്ധരിക്കാം. ഏശായ. 8: 13. "സൈന്യങ്ങളുടെ യഹോവായെ ശുദ്ധീകരിപ്പിൻ. അവൻ തന്നെ നിങ്ങളുടെ ഭയവും നിങ്ങളുടെ ഭീതിയും ആയിരിക്കട്ടെ"

വി: പത്രോസ് ശ്ലീഹാ ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ എന്നു പറയുന്നു.

പഴയനിയമത്തിൽ യഹോവയെക്കുറിച്ചു പ്രവാചകൻ എഴുതുന്നപോലെ പുതിയനിയമത്തിൽ ക്രിസ്തുവിനെപ്പററിയും പറയുന്നു.

കർത്താവു എന്ന പദം യഹോവാക്കു പകരം സെപ്ററവാജിൻറ ഗ്രീക്കു പഴയനിയമത്തിൽ പറയുന്ന പേരാണു. യഹൂദന്മാർ യഹോവ എന്നുച്ചരിക്കാൻ ഭയപ്പെടുകനിമിത്തം "അഡോനായി"

www.malankaralibrary.com

എന്ന പദം (അൎത്ഥം കൎത്താവു്) എബ്രായയിൽ ഉപയോഗിച്ചുവന്നു. അതേപദം "കൎത്താവു്" എന്നുള്ളതാണു് ക്രിസ്തുവിനും ഉപയോഗിക്കുന്നതു്. പഴയനിയമത്തിലെ യഹോവായും പുതിയനിയമത്തിലെ കൎത്താവായ ക്രിസ്തുവും ഒന്നുതന്നെ എന്നു വി: പത്രോസും സാക്ഷിക്കുന്നു.

കൎത്താവു് എന്നുള്ളതു് യഹോവാക്കുപയോഗിച്ചുവന്ന പഴയനിയമവാക്കാണു് പുതിയനിയമത്തിൽ യേശുക്രിസ്തുവിനും ലേഖനങ്ങളിൽ ഉപയോഗിക്കുന്നതു്.

റോമ: 10: 9—ൽ "യേശുവിനെ കൎത്താവു് എന്നു് വായികൊണ്ടു് ഏററുപറകയും" കൎത്താവു്=യേഹോവ. I കോരി: 12—3. "പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കൎത്താവു്, എന്നു പറവാൻ ആൎക്കും കഴികയുമില്ല" കൎത്താവു്=യഹോവ. യഹൂദന്മാൎക്കു് ക്രിസ്തു യഹോവായുടെ സമനാക്കുന്ന വിരോധം കഠിനമായിരുന്നു. ഇന്നും ചിലൎക്കു് ക്രിസ്തു ദൈവമാണെന്നുള്ള സത്യം സ്വീകരിപ്പാൻ വലിയ വിഷമംതന്നെ. വി: യാക്കോബു് ശ്ലീഹാ ഒരു യഹൂദ ചിന്തകനായിരുന്നു. എന്നിട്ടും യഹോവ എന്നൎത്ഥമുള്ള കൎത്താവു് എന്ന പദം ക്രിസ്തുവിനു് അദ്ദേഹം തന്റെ ലേഖനത്തിൽ പറയുന്നുണ്ടു്. യാക്കോ: 5: 7 & 10.

ദൈവത്തിൽ കാണേണ്ട ഗുണലക്ഷണങ്ങൾ ക്രിസ്തുവിൽ കാണുന്നതിനാലും, തന്നെ ദൈവമായി നാം ഏററുപറയണം.

1. ക്രിസ്തു ജീവനാണു്. യോഹ: 1: 4; 14: 6.

www.malankaralibrary.com

2. സ്വയം ഭൂവാണ്. യോഹ: 5: 26. എബ്രാ: 7: 15.

3. അനന്യൻ അത്രെ. എബ്രാ: 13: 8.

4. സത്യം തന്നെയാകുന്നു. യോഹ: 14: 6. വെളി: 3: 7.

5. പരിശുദ്ധൻ തന്നെ. യോഹ: 6: 69. എബ്രാ: 7: 26.

6. ആദ്യന്തൻ: വെളി: 21: 16. എബ്രാ.1:11. കൊലൊ: 1: 17. മത്താ: 28: 20.

7. സർവ്വവ്യാപി. എഫെ: 1: 23. "എല്ലാററിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവ്"

8. സർവ്വജ്ഞത്വം. യോഹ: 2: 24–25–യേശുവോ എല്ലാവരേയും, അറികകൊണ്ടു" യോഹ: 16: 30. "നീ സകലവും അറിയുന്നു." പ്രവൃ: 1: 24. "സകല ഹൃദയങ്ങളേയും അറിയുന്ന കർത്താവെ" I കോറി: 4: 5. "അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും." കൊലൊ: 2: 3. "അവനിൽ ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ട് ഇരിക്കുന്നു."

9. സർവ്വശക്തിത്വം. മത്താ: 28: 18. "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു." വെളി. 1: 8: "സർവ്വശക്തിയുള്ള ദൈവമായ കർത്താവു് അരുളിച്ചെയ്യുന്നു."

ഇവ മൂലവും ക്രിസ്തുവിനെ ദൈവമായി സ്വീകരിക്കേണ്ടതാകുന്നു.

www.malankaralibrary.com

ദൈവത്തിന്ന കാണേണ്ട മറ്റൊരു കഴിവ് സൃഷ്ടി, സ്ഥിതി (പരിപാലനം) സംഹാരശക്തിയാണ്. ഇവയെപ്പറ്റി വേദം എന്തുപറയുന്നു എന്ന് നോക്കാം.

യോഹ: 1: 3. "സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായതു് ഒന്നും അവനെ കൂടാതെ ഉളവായതല്ല."

I കോരി: 8: 6. അവൻ മുഖാന്തരം സകലവും, അവൻ മുഖാന്തരം നാമും ആകുന്നു." കൊലൊ. 1:16 "കർത്തൃത്വങ്ങൾ ആകട്ടെ, വാഴ്ചകൾ ആകട്ടെ, അധികാരങ്ങളാകട്ടെ, സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു."

എബ്രാ: 1: 10. "കർത്താവെ നീ പൂർവ്വകാലത്തു് ഭൂമിക്കു് അടിസ്ഥാനം ഇട്ടു, ആകാശവും നിൻെറ കൈകളുടെ പ്രവൃത്തിയാകുന്നു."

ഇത്രയും വാക്യങ്ങൾകൊണ്ടു് ക്രിസ്തു സൃഷ്ടിതാവാണെന്നു് തെളിയുന്നു.

ഇനി തൻെറ പരിപാലനം കൊലൊ: 1: 17. "അവൻ സകലത്തിനും ആധാരമായിരിക്കുന്നു."

എബ്രാ: 1: 3. "സകലത്തേയും തൻെറ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും."

ക്രിസ്തുവിൻെറ മനുഷ്യാവതാരകാലത്തു് രോഗികളെ സൗഖ്യപ്പെടുത്തുകയും, മരിച്ചവരെ ഉയിർപ്പിക്കയും, വിശന്നിരുന്നവർക്ക ഭക്ഷണം കൊടുക്കയും പാപികൾക്ക മോചനം കൊടുക്കയും, അജ്ഞാനി

www.malankaralibrary.com

കൾക്കു് ജ്ഞാനോപദേശം ചെയ്കയും ചെയ്തതും പരിപാലനയുടെ ഉദാഹരണങ്ങളാണ്.

സംഹാരശക്തി:—അത്തിയെ ഉണക്കിയതും, പന്നികളെ കടലിൽ മുക്കികൊന്നതും, സംഹാരശക്തിയാണ്.

യോഹ: 5: 27—29. ന്യായവിധി നടത്തുവാൻ അവന് അധികാരം ഉണ്ടു്. മത്താ:25:31–46. ഇവിടെയും ദുഷ്ടന്മാരെ ദണ്ഡനത്തിലേക്കു് അയക്കുന്നു. വെളി: 20: 11–15 വെള്ള സിംഹാസനത്തിലിരുന്നു് ന്യായവിധി നടത്തുന്നു. ഇങ്ങനെ സൃഷ്ടിസ്ഥിതിസംഹാരശക്തിയുള്ളവനാണ് ക്രിസ്തു.

ക്രിസ്തുവിനെ ആരാധിക്കുന്നതായി കാണുന്നു.

1. തോമ്മാശ്ലീഹായുടെ ആരാധന. യോഹ: 20: 28. "എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവെ."

2. എബ്രാ: 1: 6. "ആദ്യജാതനെ പിന്നെയും ഭൂതലത്തിലേക്ക പ്രവേശിപ്പിക്കുമ്പോൾ ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്കരിക്കേണം......"

3. ഫിലി: 2: 10–11 അങ്ങനെ "യേശുവിന്റെ നാമത്തിൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവു്" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏററുപറകയും ചെയ്യേണ്ടിവരും."

www.malankaralibrary.com

4. വെളി. 5:12–14. "അറുക്കപ്പെട്ട കുഞ്ഞാടു് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു......മൂപ്പന്മാർ വീണു നമസ്ക്കരിച്ചു."

വീണ്ടും ക്രിസ്തു തന്നെ, തന്നെത്താൻ പിതാവായ ദൈവത്തോടു് സമമാക്കി. യോഹ: 5: 18. യോഹ: 10: 30–ൽ "ഞാനും പിതാവും ഒന്നാകുന്നു" എന്നു പറയുന്നു. യോഹ: 14: 9–ൽ "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" എന്നു പറയുന്നു. യോഹ: 16: 15 "പിതാവിനുള്ളതു ഒക്കെയും എനിക്കുള്ളതു്." യോഹ: 17: 10. "എന്റേതെല്ലാം നിന്റേതും നിന്റേതു് എന്റേതും ആകുന്നു."

ദാവീദു് ദീർഘദർശിയും യേശുക്രിസ്തുവിനെ കർത്താവു് (യഹോവ) എന്നു വിളിക്കുന്നു. മത്താ: 22: 41—46.

## ഇമ്മാനുവേൽ

ഈ പേരിൽനിന്നുതന്നെ ക്രിസ്തുവിന്റെ ദൈവത്വം വെളിവാകും.

ഇമ്മാ = കൂടെ.

നു = നമ്മോടു

ഏൽ = ദൈവം.

ക്രിസ്തു നമ്മോടുകൂടെ വസിക്കുമ്പോൾ ദൈവം നമ്മോടുകൂടെ വസിക്കുകയാണു്. ക്രിസ്തു വസിക്കുമ്പോൾ ദൈവം വസിക്കുന്നു എന്ന അർത്ഥ

www.malankaralibrary.com

ത്തിൽ ക്രിസ്തുവിനെപ്പററി പറഞ്ഞിരിക്കെ ക്രിസ്തു ദൈവമല്ലാതെ പിന്നെ ആർ? ദൈവത്തിൻെറ ദൂതൻ നമ്മോടുകൂടെ എന്നല്ലല്ലൊ ആ വാക്കിനത്ഥം. മനുഷ്യൻ നമ്മോടുകൂടെ എന്നുമല്ല അത്ഥം.

മലാഖി: 3: 1. "എനിക്കു മുമ്പായി നിരത്തേണ്ടതിന്ന് ഞാൻ എൻെറ ദൂതനെ അയയ്ക്കുന്നു...... എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു."

എനിക്ക് എന്നുള്ളതു് യഹോവയ്ക്ക് എന്നാണല്ലോ. എൻെറ ദൂതൻ എന്നുള്ളതു് യോഹന്നാൻ സ്നാപകനുമാണ്. ദൂതൻെറ പിന്നാലെ വരുന്ന ആരം ക്രിസ്തു ആണ്. ആ ആളെ യഹോവയായി ഇവിടെ കാണാം. അതിനാൽ യഹോവായും ക്രിസ്തുവും ഒന്നുതന്നെ—ഏകദൈവം.

സങ്കീ: 24: 7, 8, 10. "വാതിലുകളെ നിങ്ങളുടെ തലകളുയത്തുവിൻ, പണ്ടേയുള്ള കതകുകളേ ഉയന്നിരിപ്പിൻ; മഹത്വത്തിൻെറ രാജാവു് പ്രവേശിക്കട്ടെ. മഹത്വത്തിൻെറ രാജാവു് ആർ? ബലവാനും വീരനുമായ യഹോവ; യുദ്ധവീരനായ യഹോവ തന്നെ."

ഈ വാക്യങ്ങൾ ക്രിസ്തുവിൻെറ സ്വഗ്ഗാരോഹണത്തിൻെറ പ്രവചനമാണല്ലോ. വാതിൽ കടന്നുപോകുന്ന യഹോവ ക്രിസ്തുതന്നെ. ഏശായ. 48: 11—ൽ "ഞാൻ എൻെറ മഹത്വം മററൊരുത്തനു കൊടുക്കയില്ല" എന്നു യഹോവായുടെ വചനം കാണുന്നു. അപ്പോൾ ക്രിസ്തുവിനു് ആ മഹത്വം കൊടുത്തതു് എന്തുകൊണ്ടു്? ക്രിസ്തുവും യഹോവായും ഒരു ദൈവംതന്നെയാകയാലാണ്.

www.malankaralibrary.com

1 കോറി. 1: 30–ൽ ക്രിസ്തു "നീതി"യാണെന്നു് പറഞ്ഞിരിക്കുന്നു. പഴയനിയമത്തിൽ യിരമ്യാവു് 23. 5–6 കാണുക. "ഞാൻ ദാവീദിനു് നീതിയുള്ളോരു മുളയായയവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും; അവൻ രാജാവായി വാണു് ബുദ്ധിയോടെ പ്രവർത്തിച്ചു് ദേശത്തു് നീതിയും ന്യായവും നടത്തും. അവന്റെ കാലത്തു് യഹൂദ രക്ഷിക്കപ്പെട്ടും; യിസ്രായേൽ നിർഭയമായി വസിക്കും; അവനു് യഹോവാ നമ്മുടെ നീതി എന്നു പേർ പറയും——"

"യഹോവ നമ്മുടെ നീതി" എന്നുള്ളതു് ക്രിസ്തുവിന്റെ പേരാണു്. നീതിസ്വരൂപനായി വെളിപ്പെട്ട യഹോവ തന്നെയാണു് ക്രിസ്തു.

വെളി. 1: 17–ലും 22: 13 ലും ക്രിസ്തു പറയുന്നതു് ശ്രദ്ധിക്കുക. "ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു." ഞാൻ ആൽഫയും ഒമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു." ദൈവം ഒഴിച്ചു് ആക്കെങ്കിലും ഞാൻ ആദിയും അന്തവുമാണെന്നു് പറയുവാൻ കഴിയുമോ. യഹോവാ പഴയനിയമത്തിൽ അതു് തന്നെപ്പററി പറയുന്നുണ്ടു്. ഏശായാ 44: 6, 48: 12.

അതിനാൽ പഴയ നിയമത്തിലെ യഹോവായും പുതിയനിയമത്തിലെ ക്രിസ്തുവും ഒരേ ദൈവം തന്നെ.

പ്രവൃത്തി. 2: 21–ൽ പത്രോസ് ശ്ലീഹാ പറയുന്നതാവിതു്. "എന്നാൽ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെട്ടും" ഇവിടെ ക്രിസ്തുവിനെ ഉദ്ദേശിച്ചാണു് ശ്ലീഹാ പറയു

www.malankaralibrary.com

ന്നതു്. ഈ ഉദ്ധരണി യോവേൽ 2: 32–ൽ നി
ന്നാണു്. അവിടെ പറയുന്നതു്: "എന്നാൽ യഹോ
വായുടെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും
രക്ഷിക്കപ്പെടും." അതിനാൽ യോവേൽ പ്രവചന
ത്തിൽ പറയുന്ന യഹോവായും പെന്തിക്കൊസ്തു ദി
വസത്തിൽ പത്രോസ് ശ്ലീഹായുടെ പ്രസംഗത്തിൽ
പറയുന്ന കർത്താവും ഒന്നു തന്നെ. യേശുക്രിസ്തു
യഹോവ തന്നെ എന്നു് സ്പഷ്ടം.

1 തീമോ. 3: 14–16. "ഞാൻ വേഗത്തിൽ
നിന്റെ അടുക്കൽ വരും എന്നു ആശിക്കുന്നു. താമ
സിച്ചുപോയാലൊ സത്യത്തിന്റെ തൂണും അടിസ്ഥാ
നവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന
ദൈവാലയത്തിൽ നടക്കേണ്ടതു് എങ്ങനെയെന്നു്
നീ അറിയേണ്ടതിനു് ഇതെഴുതുന്നു. അവൻ ജഡ
ത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്ക
പ്പെട്ടു; ദൂതന്മാൎക്കു പ്രത്യക്ഷനായി. ജാതികളുടെ ഇട
യിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസി
ക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു; എന്നിങ്ങനെ
ദൈവഭക്തിയുടെ മൎമ്മം സമ്മതമാം വണ്ണം വലി
യതാകുന്നു."

ഒരാൾ ജഡത്തിൽ വെളിപ്പെടണമെങ്കിൽ വെ
ളിപ്പെടുന്നതിനു മുമ്പു് ആത്മീയനായിരിക്കണം.
'അവൻ' എന്നു പറയുന്നതു് ആരെ ഉദ്ദേശിച്ചാണു്?
മേൽ വാചകത്തിൽ പറയുന്ന ദൈവത്തെ ഉദ്ദേശി
ച്ചാണു്. ജഡത്തിൽ വെളിപ്പെട്ട ആത്മജീവി തന്നി
മിത്തം ദൈവം തന്നെ. പഴയ പതിപ്പുകളിൽ അ
വൻ എന്നുള്ളിടത്തു് "ദൈവം" എന്നാണെന്നു്

www.malankaralibrary.com

Revised standard version ഫുട്ട്നോട്ടിൽ കാണുന്നു. ദൈവഭക്തിയുടെ മർമ്മം (mystery) ദൈവം മനുഷ്യനായി തീർന്നതാണ്. ഒരു സൃഷ്ടി വെളിപ്പെട്ടാൽ ദൈവഭക്തിയുടെ മർമ്മമാകുവാൻ തരമില്ല.

കർത്താവ് എന്ന പുതിയ നിയമത്തിലെ പദം:—

എബ്രായ ഭാഷയിൽ ദൈവത്തിന് യഹോവ എന്നത്രെ പറയുന്നത്.

B. C. 2-ാം നൂററാണ്ടിൽ സെപ്റ്റുവജിൻറ് പരിഭാഷയിൽ യഹോവ എന്ന പദം ഗ്രീക്കിലേക്ക് "കുറിയോസ്" എന്ന പദമായി തർജ്ജമ ചെയ്തു. കുറിയോസ് എന്നതിൻെറ അർത്ഥം കർത്താവ് എന്നാണ്. ക്രിസ്തു പഴയ നിയമത്തിലെ യഹോവ അല്ലായിരുന്നുവെങ്കിൽ പുതിയനിയമത്തിൽ കർത്താവ് എന്ന പദം ഉപയോഗിക്കുവാൻ ശ്ലീഹന്മാർ തുനിയുകയില്ലായിരുന്നു.

നിഖ്യാസുന്നഹദോസിന് മുമ്പുള്ള വി. പിതാക്കന്മാരുടെ സാക്ഷികൾ വളരെയുണ്ട്. അവയെല്ലാം വിസ്താര ഭയത്താൽ വിടുകയാണ്. മാർ ഇഗ്നാത്യോസ്, വി. പോലിക്കാർപ്പ്, വി. ജസ്റ്റിൻ മാർട്ടിൻ മുതലായവരും വലിയ പണ്ഡിതന്മാർ ഒറിജനും, തെർത്തുല്യനും എല്ലാം ക്രിസ്തുവിനെ ദൈവമായി പറയുന്നു. ആദ്യനൂററാണ്ടുകളിലെ രക്തസാക്ഷികളുടെ പല പ്രാർത്ഥനകളിലും ക്രിസ്തുവിൻെറ ദൈവത്വം അവർ വിശ്വസിച്ചിരുന്നതായി കാണാം. പ്രവൃത്തി. 7: 59. "കർത്താവായ യേശുവേ എൻെറ ആത്മാവിനെ കൈക്കൊള്ളണമെ" എന്ന് സ്തേപ്പാനോസ് പ്രാർത്ഥിച്ചു.

www.malankaralibrary.com

ആദ്യനൂററാണ്ടുകളിലെ ക്രിസ്തീയ സഭ ക്രിസ്തുവിനെ ദൈവമായിത്തന്നെയാണ് അംഗീകരിച്ചിരുന്നതു്. അക്കാലത്തു് എഴുതിയിട്ടുള്ള പ്രാൎത്ഥനാഗീതങ്ങളും ക്രിസ്തുവിൻെറ ദൈവത്വത്തെ സാക്ഷിക്കുന്നു. ആദ്യശതകങ്ങളിൽ ക്രിസ്തുവിനെ ദൈവമായി ആരാധിച്ചുപോന്നു. എന്നാൽ അക്കാലങ്ങളിലും ക്രിസ്തുവിനെ ദൈവമായി സ്വീകരിക്കാത്ത എതിർ ക്രിസ്തുക്കൾ ഉണ്ടായിരുന്നു. യോഹന്നാൻ ശ്ലീഹായുടെ ലേഖനം തന്നെ അതിന് സാക്ഷിയാണ്. 2 യോഹ. 7—ാം വാക്യം. "യേശുക്രിസ്തുവിനെ ജഡത്തിൽ വന്നവൻഎന്ന്സ്വീകരിക്കാത്ത വഞ്ചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കുന്നുവല്ലൊ. വഞ്ചകനും എതിർ ക്രിസ്തുവും ഇങ്ങനെയുള്ളവനാകുന്നു."

ജഡമായി വന്നവൻ ആരാണ്? വചനം. വചനം ആരു്? ദൈവം. യോഹ: 1—ാം അദ്ധ്യായം കാണുക. ഒരു എതിർവാദമുണ്ടു്. "എൻെറ ദൈവമെ എൻെറ ദൈവമെ നീ എന്തുകൊണ്ടു് എന്നെ കൈവിട്ടു."

മനുഷ്യസ്വഭാവം (അതായതു് മനുഷ്യത്വം) ക്രിസ്തുവിനുണ്ടു്. ദൈവമാകുന്ന താൻ വി. മറിയാമിൽനിന്നും ഒരു ശരീരം എടുത്തു. അങ്ങനെ ദൈവമായ താൻ പൂൎണ്ണമനുഷ്യത്വം കൂടിയുള്ളവനായി ഒരു ചരിത്ര പുരുഷനായിതീൎന്നു. മനുഷ്യത്വത്തിൽ ക്രിസ്തുവിൻെറ എളിമ ബലഹീനത എന്നിവ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. തൻെറ പീഡാനുഭവങ്ങളും മരണവും

www.malankaralibrary.com

തന്റെ ദൈവത്വത്തിൽ പ്രവേശിച്ചിട്ടില്ല. ഇരുമ്പിൽ അഗ്നി പ്രവേശിച്ചിരിക്കുമ്പോൾ ആ ഇരുമ്പിനെ അടിച്ചു പരത്തുകയും നീട്ടുകയും ചെയ്യാം. അഗ്നിയെ അല്ല പരത്തുന്നത്. ദൈവത്വം അഗ്നിസദൃശമാണ്. ഇരുമ്പ് മനുഷ്യത്വവുമാണ്. ദൈവത്തിനു പീഡ അനുഭവിപ്പാനൊ മരിപ്പാനൊ സാധ്യമല്ല. അതിനാൽ ദൈവം പീഡയനുഭവിപ്പാൻ ഒരു ശരീരം എടുത്തു. അപ്പോൾ ദൈവസ്വഭാവവും (Divine Nature) മനുഷ്യസ്വഭാവവും (Human Nature) ഉള്ള ഒരു ദൈവികപുരുഷനാണ് ക്രിസ്തു. തത്വത്തിൽ ക്രിസ്തു ദൈവവും (Person-ality) എന്നാൽ പാപവാഹകൻ എന്ന നിലയിൽ ബലഹീനമനുഷ്യനുമാണ്. താൻ പാപം ചെയ്തിട്ടില്ലതാനും. ദൈവത്വത്തിനു ജനനവും മരണവും ഇല്ല. തന്റെ മനുഷ്യത്വമാണ് ജനിച്ചതും മരിച്ചതും.

ക്രിസ്തു പാപവാഹകൻ എന്ന നിലയിൽ (II കോരി: 5: 21) പാപത്തിന്റെ ശിക്ഷാവിധി ഏൽക്കുകയാണ്. അതിന്റെ ഏററവും മൂർദ്ധന്യ സമയത്താണ് "എന്റെ ദൈവമെ......" എന്ന 22—ാം സങ്കീർത്തനം ചൊല്ലിയത്. സങ്കീ: 22: 1 ആണ് ആ വാക്യം. ക്രിസ്തു മററുസ്ഥലത്ത് "പിതാവെ" എന്നാണ് പറയുന്നത് സങ്കീ: 22 : 1 ക്രിസ്തുവിന്റെ സ്വന്ത പ്രാർത്ഥനയല്ല. തന്റെ ഉദ്ധരണിയാണ് കഷ്ടാനുഭവത്തേയും മരണത്തേയുംപററി പ്രവചിക്കുന്ന ഒരു സങ്കീർത്തനമാകയാൽ ആ സങ്കീർത്തനം ചൊല്ലുകയായിരുന്നു. മനുഷ്യൻ എന്ന നിലയിൽ നമുക്കുവേണ്ടി പാപമായിതീർന്നപ്പോൾ ദൈ

www.malankaralibrary.com

വവും പാപവും തമ്മിൽ വേഴ്ചയില്ലാത്തതിനാൽ ദൈവം പാപമായിത്തീൎന്ന യേശുവിനെ കൈവിട്ടുതാണു് പാപപരിഹാരബലിയിലെ അത്യുച്ചസ്ഥാനം, ആ കൈവിടലാണു് മനുഷ്യവൎഗ്ഗം മുഴുവനേയും ദൈവവുമായി ഐക്യപ്പെടുത്തുവാൻ മതിയായ ബലിയിലെ സാരവത്തായ ഭാഗം. അപ്പോൾ ബലി നിവൎത്തിയായി. പിന്നീടു് യേശു തന്റെ ആത്മാവിനെ (മനുഷ്യാത്മാവിനെ) ദൈവത്തിൽ ഏല്പിക്കയും ചെയ്തു. അങ്ങനെ ഒരു നരകം അനുഭവിച്ചാണു് മനുഷ്യവൎഗ്ഗത്തെ നരകത്തിൽനിന്നും രക്ഷിക്കുന്നതു്. യേശുവിനെ കൈവിട്ടതാണു് മനുഷ്യനെ സ്വീകരിപ്പാൻ തക്കമാൎഗ്ഗം ഉണ്ടാക്കിയതു്. ബലിതീൎന്നു. യേശു ദൈവവുമായി ഐക്യപ്പെട്ടു് ആത്മാവിനെ ശരീരത്തിൽനിന്നും വേൎപെടുത്തി. എല്ലാം അങ്ങനെ നിവൎത്തിതമായി. റോമ: 3: 23–26 വരെ വാക്യങ്ങളിൽ ക്രിസ്തുവിന്റെ ബലിയാണു് നീതിയോടെ പാപിയെ സ്വീകരിപ്പാൻ മാൎഗ്ഗം ഉണ്ടാക്കിയതെന്നു് പറയുന്നു. ഇതു് ഒരു മൎമ്മം തന്നെയാണു്.

എന്നാൽ ചിലർ ഈ വാക്യത്തെ അതായതു് സങ്കീ: 22: 1–നെ വേറെവിധത്തിലും എബ്രായഭാഷയിൽനിന്നും തൎജ്ജമചെയ്യാമെന്നു് പറയുന്നു. (Dr. Moffat) "എന്റെ ദൈവം, എന്റെ ദൈവം, എന്തിനു് എന്നെ കൈവിടുന്നു?" അതായതു് കൈവിടേണ്ട ആവശ്യമില്ല. കൈവിട്ടുമില്ല.

യോഹ: 17: 10. "എന്റേതു് എല്ലാം നിന്റേതും, നിന്റേതു് എന്റേതും ആകുന്നു."

www.malankaralibrary.com

ത്രിത്വത്തിലെ പിതാവിനോട് ത്രിത്വത്തിലെ പുത്രൻ പറയുന്ന വാക്യമാണിത്. പിതാവിനുള്ളതിൽ ഏററവും പ്രധാനമായിട്ടുള്ളത് പിതാവിൻെറ ദൈവത്വം തന്നെ. അത് പുത്രനും ഉണ്ട്. എന്നാൽ രണ്ടാളുകൾ ആയിരിക്കുന്നതിൽ ഉള്ള വ്യത്യാസം പിതാവ് ജനിപ്പിക്കുന്നവൻ, പുത്രൻ ജനിക്കുന്നവൻ എന്നു മാത്രമാണ്. ബോധം പിതാവാണെങ്കിൽ ബോധത്തിൽനിന്നുള്ള വചനം പുത്രനും ജീവൻ പരിശുദ്ധാത്മാവും ആണെന്നു വേഗം മനസ്സിലാക്കാൻ ഒരു ഉദാഹരണം പറയാം. ബോധം വചനമല്ല; വചനം ബോധവുമല്ല. രണ്ടാണ്. എന്നാൽ സാരാംശത്തിൽ രണ്ടും ഒന്നുതന്നെ.

മത്താ: 13: 41–ൽ "മനുഷ്യപുത്രൻ തൻെറ ദൂതന്മാരെ അയക്കും."

മത്താ: 16: 27. "മനുഷ്യപുത്രൻ തൻെറ പിതാവിൻെറ മഹത്വത്തിൽ തൻെറ ദൂതന്മാരായിവരും."

മത്താ: 24: 31. "അവൻ തൻെറ ദൂതന്മാരെ മഹാകാഹളധ്വനിയോടുംകൂടെ അയയ്ക്കും."

ഈ 3 വാക്യങ്ങളിൽ ദൈവത്തിൻെറ മാലാഖമാരെ ക്രിസ്തുവിൻെറ ദൂതന്മാരായി (മാലാഖമാരായി) പറയുന്നു.

ക്രിസ്തു ദൈവമാകകൊണ്ടാണ് അങ്ങനെ പറയുവാൻ ഇടയായത്. ദൂതന്മാരെ ഓരോ ജോലിയിൽ ഏർപ്പെടുത്തുവാൻ അവരുടെമേൽ ക്രിസ്തുവിന് ദൈവത്തിനൊപ്പം അധികാരം കാണുന്നു.

യോഹ: 5: 10–18. ഈ ഭാഗത്ത് ശാബ്ബത്തിൽ സ്വസ്ഥമായിരിക്കണം എന്ന പഴയനിയമ കല്പനയെ ക്രിസ്തു ഭേദപ്പെടുത്തുന്നതായി കാണുന്നു. ശബ്ബ

www.malankaralibrary.com

ത്തു് (ശനിയാഴ്ച ആചാരം) ക്രിസ്തുവിൻെറ അനുയായികളെ ബാധിക്കുന്നതല്ല. (കൊലൊ. 2: 16–17) പഴയനിയമത്തിൽ ശാബ്ബത്താചാരം (ശനിയാഴ്ച ആചാരം) യഹോവാ കൊടുത്ത കല്പനയാണു്. ന്യായപ്രമാണത്തിലെ വള്ളിയും പുള്ളിയും മാററുവാൻ മനുഷ്യൎക്കു് അധികാരമില്ല. എന്നാൽ കല്പിച്ചവനു് കല്പനയെ റദ്ദാക്കാം. യേശു ശനിയാഴ്ച ആചാരം റദ്ദാക്കിയതുകൊണ്ടു് ന്യായപ്രമാണയുഗത്തിൽ കല്പന കൊടുത്ത ദൈവം താൻ തന്നെയാണെന്നു് ഗ്രഹിക്കണം. ക്രിസ്തുമതത്തിൽ ശനിയാഴ്ച ആചാരം നിറുത്തിയതു് ക്രിസ്തുതന്നെയാണു്.

മോശയോ പ്രവാചകന്മാരോ ഒരിക്കലും തങ്ങളെ ദൈവത്തിനു സമന്മാരാക്കിയിട്ടില്ല. അഹറോനും ഫറവോനും മോശ ദൈവത്തെപ്പോലെ അധിപതിയായിരുന്നുവെങ്കിലും ദൈവത്തോടു് തന്നെത്താൻ ഒരിക്കൽപോലും സമനാക്കിയിട്ടില്ല. ക്രിസ്തുവോ ദൈവത്തോടു് തന്നെ സമനാക്കി. യോഹ: 5: 18. "ഞാനും പിതാവും ഒന്നാകുന്നു". എന്നു് യോഹ: 10:33–ൽ പറയുന്നു. "എൻെറ പിതാവും നിങ്ങളുടെ പിതാവും" എന്നുള്ള ക്രിസ്തുവിൻെറ പ്രയോഗം തന്നെ തനിക്കു് പിതാവിനോടുള്ള ബന്ധം മനുഷ്യൎക്കുള്ള ബന്ധമല്ലെന്നു് ഗ്രഹിക്കുന്നു.

യോഹ: 10: 28, 29, 30 "ഞാൻ അവയ്ക്കു നിത്യ ജീവൻ കൊടുക്കുന്നു; അവ ഒരു നാളും നശിച്ചുപോകയില്ല; ആരും അവയെ എൻെറ കൈയ്യിൽ നിന്നും പിടിച്ചുപറിക്കയില്ല. അവയെ തന്നിരിന്ന എൻെറ പിതാവു് എല്ലാവരിലും വലിയവൻ. പിതാവിൻെറ കയ്യിൽ നിന്നും പിടിച്ചു് പറിപ്പാൻ ആൎക്കും കഴികയില്ല. ഞാനും പിതാവും ഒന്നാകുന്നു."

www.malankaralibrary.com

"വിശ്വാസികൾ പുത്രന്റെ കൈയിൽ എന്നു പോലെ പിതാവിന്റെ കൈയ്യിലും ഇരിക്കുന്നു. 28–ാം വാക്യത്തിൽ പുത്രന്റെ കൈയ്യിലാണെന്നും 29–ൽ പിതാവിന്റെ കൈയ്യിലാണെന്നും പറയുന്നു. 30–ൽ പിതാവും താനും ഒന്നാകുന്നു എന്നു പറയുന്നു. ക്രിസ്തുവിന്റെ കൈയും പിതാവിന്റെ കൈയും ഒന്നാണെന്നു് പറയുന്നു. അവയവം ഒന്നാകയാൽ ഒരു ദൈവം തന്നെയെന്നു് സാരം.

യോഹ: 5: 22–23. എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിനു്......". അതിനാൽ പിതാവിനും പുത്രനും തുല്യബഹുമാനം കൊടുക്കണം. പുത്രൻ സൃഷ്ടിയും പിതാവു് മാത്രം സ്രഷ്ടാവും ആണെങ്കിൽ സ്രഷ്ടാവിനും സൃഷ്ടിക്കും തുല്യബഹുമാനം ചേർച്ചയാകുമോ? "പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനേയും ബഹുമാനിക്കുന്നില്ല." പുത്രനെ പിതാവിനു തുല്യമായി ബഹുമാനിക്കണമെന്നു് 12–ാം വാക്യത്തിൽ പറഞ്ഞിട്ടുണ്ടു്. ആ ബഹുമാനംതന്നെ പുത്രനും കൊടുക്കേണ്ട ആവശ്യം 23–ൽ പറയുന്നു. ഉയർച്ചതാഴ്ച പിതാവിനും പുത്രനും ഉണ്ടായിരുന്നെങ്കിൽ ബഹുമാനത്തിൽ പിതാവിനെയും പുത്രനേയും തുല്യസ്ഥിതിയിൽകരുതുമോ.

അതിനാൽ പിതാവിനുള്ള അതേ ദൈവത്വം പുത്രനും ഉള്ളതിനാലാണു് സമബഹുമാനം വച്ചിരിക്കുന്നതു്.

യോഹ. 3: 13. "സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന[വനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായ] മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല."

www.malankaralibrary.com

ഭൂമിയിലിരിക്കുമ്പോഠം സ്വർഗ്ഗത്തിലും ആയിരിക്കണമെങ്കിൽ താൻ ദൈവമായിരിക്കണ്ടേ?

ബ്രാക്കററിൽ ഉള്ള ഭാഗം സുറിയാനി പ്ശീത്തായിലും ലത്തീനിലും കാണുന്നു.

സുറിയാനി പ്ശീത്താ തർജ്ജമ ചെയ്ത കാലത്തു് ക്രിസ്തു സ്വർഗ്ഗത്തിലും ഭൂമിയിലും ഉണ്ടായിരുന്നുവെന്ന വിശ്വാസം സഭയ്ക്കുണ്ടായിരുന്നു. യോഹ. 14. 9–10. "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു." വാക്യം 10. "ഞാൻ പിതാവിലും, പിതാവു് എന്നിലും........."

ഈ വാക്യങ്ങളിൽ ക്രിസ്തുവും പിതാവും ദൈവത്വത്തിൽ ഒന്നു തന്നെ എന്നു വ്യക്തമാണു്. വേർതിരിയാൻ പാടില്ലാത്ത രണ്ടു വ്യക്തികളാണു് പിതാവും പുത്രനും. സൂര്യഗോളവും വെളിച്ചവും തമ്മിൽ വേർതിരിക്കാമോ. ദൈവത്വത്തിൽ അവർ ഭിന്നിക്കാൻ സാധിക്കാത്ത വിധത്തിൽ ഒന്നാണു്.

ഏശായ 9: 6–7 ക്രിസ്തുവിൻെറ പേരുകഠം ഇവിടെ ഏശായ പ്രവാചകൻ എഴുതുന്നു. അതിൽ "വീരനാം ദൈവം" എന്നു് എഴുതിയിരിക്കുന്നു. "Mighty God" എന്നാണു് Revised standard version ൽകാണുന്നതു്. ഇതിനേക്കാഠം വലിയ ദൈവം പിന്നെ എവിടെ?

ഇത്രയും സാക്ഷികളുടെ ബാഹുല്യത്തിൽ ത്രിയേക ദൈവവിശ്വാസികഠം വേദപുസ്തകത്തിൻെറ വെളിച്ചത്തിൽ തന്നെയാണു് യേശുക്രിസ്തുവിനെ ത്രിത്വത്തിൽ ഒരുവനായ ദൈവം എന്നു് വിശ്വസിക്കുന്നതു്.

www.malankaralibrary.com

# III

# പരിശുദ്ധാത്മാവു് ത്രിയേകദൈവത്തിൽ ഒരു വ്യക്തിയാണോ?

അപ്പ: പ്രവൃ: 5: 3–4. "അപ്പോൾ പത്രോസ് അനന്യാസെ, പരിശുദ്ധാത്മാവിനോടു് വ്യാജം കാണിപ്പാനും നിലത്തിന്റെ വിലയിൽ കുറെ എടുത്തുവെപ്പാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയതു് എന്തു്? അതു വില്ക്കുംമുമ്പെ നിന്റേതായിരുന്നില്ലയോ? വിററശേഷവും നിന്റെ കൈവശം അല്ലായിരുന്നുവോ? ഈ കാര്യത്തിനു് നീ മനസ്സുവച്ചതു് എന്തു്? മനുഷ്യരോടല്ല ദൈവത്തോടത്രെ നീ വ്യാജം കാണിച്ചതു് എന്നുപറഞ്ഞു."

പരിശുദ്ധാത്മാവിനോടു് വ്യാജം കാണിച്ചു എന്നു് 3–ാം വാക്യത്തിലും 4–ാം വാക്യത്തിൽ ദൈവത്തോടാണു് വ്യാജം കാണിച്ചതെന്നും വി: പത്രോസ്ശ്ലീഹാ പറഞ്ഞപ്പോൾ ആക്കും വ്യക്തമാകുന്നതു് പരിശുദ്ധാത്മാവും ദൈവവും ഒന്നുതന്നെയാണെന്നു് അപ്പസ്തോലൻ ഗ്രഹിച്ചിരിക്കുന്നുവെന്നാണു്. പത്രോസ്ശ്ലീഹ പരിശുദ്ധാത്മാവു് ദൈവമാണെന്നു് പറയുന്നുവെങ്കിൽ നാം എന്തിനു് മറിച്ചുപറയുന്നു?

ഇനി വി: പൌലോസ്ശ്ലീഹായുടെ സാക്ഷിയും നോക്കാം.

I കോരി: 3: 16. "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു് നിങ്ങ

www.malankaralibrary.com

ളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലയോ?" [ കോരി: 6: 19 "ദൈവത്തിൻെറ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിൻെറ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം."

1-ാം വാക്യത്തിൽ കൊരിന്ത്യർ ദൈവത്തിൻെറ മന്ദിരമായിരിക്കുന്നതു് പരിശുദ്ധാത്മാവു് അവരിൽ വസിക്കുന്നതുകൊണ്ടാകുന്നു എന്നു് ഉപദേശിക്കുന്നു. പരിശുദ്ധാത്മാവു് വസിക്കുമ്പോൾ ആ ശരീരം ദൈവത്തിൻെറ മന്ദിരമാകണമെങ്കിൽ പരിശുദ്ധാത്മാവു് ദൈവമാകണ്ടേ?

രണ്ടാമത്തെ വാക്യത്തിൽ പരിശുദ്ധാത്മാവിൻെറ മന്ദിരം ആണു് കൊരിന്ത്യരുടെ ശരീരം എന്നു പറയുന്നു. ദൈവത്തിൻെറ മന്ദിരം, പരിശുദ്ധാത്മാവിൻെറ മന്ദിരം എന്നു് ശ്ലീഹാ പറയുമ്പോൾ ദൈവത്തേയും പരിശുദ്ധാത്മാവിനേയും രണ്ടായിട്ടല്ല ഒന്നായിട്ടാണു് വായനക്കാർ മനസ്സിലാക്കുവാൻ ഉദ്ദേശിക്കുന്നതു് എന്നു കാണാം.

1 കോറി. 12: 4—6-ൽ പരിശുദ്ധ ത്രിത്വത്തെപ്പററിയും സൂചിപ്പിച്ചിരിക്കുന്നു. "എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ടു്; ആത്മാവു് ഒന്നത്രെ". (പരിശുദ്ധാത്മാവു് തന്നെ) "ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ടു്; കർത്താവു ഒരുവൻ" (യേശു കർത്താവു് തന്നെ) "വീര്യപ്രവൃത്തികളിൽ വ്യത്യാസം ഉണ്ടു്: എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ". (പിതാവായ ദൈവം). ഇങ്ങനെ പരി: ആത്മാവു്, പുത്രൻ, പിതാവു്, ഈ ത്രിത്വത്തിൻെറ സൂചനയും ഇവിടെ ശ്ലീഹാ കാണിച്ചിരിക്കുന്നു.

www.malankaralibrary.com

ദൈവത്തിന്റെ ഗുണങ്ങൾ പരിശുദ്ധാത്മാവിനും പറഞ്ഞിരിക്കുന്നു. റോമ: 8: 2—ൽ "ജീവന്റെ ആത്മാവിന്റെ പ്രമാണം" എന്നുപറയുന്നതിനാൽ പരിശുദ്ധാത്മാവു് വെറും ശക്തിയല്ല ജീവനുള്ള വ്യക്തിയാണെന്നു് ഗ്രഹിക്കണം. യോഹ. 16: 13ൽ "സത്യത്തിന്റെ ആത്മാവു വരുമ്പോഴൊ" എന്നു പറയുന്നതിനാൽ സത്യം എന്ന ഗുണം പരിശുദ്ധാത്മാവിനുണ്ടെന്നറിയണം. വെറും ശക്തിക്കു് സത്യമെന്നൊ അസത്യമെന്നൊ ഒന്നും പറവാനില്ലല്ലൊ. റോമ. 15: 32—ൽ "ആത്മാവിന്റെ സ്നേഹത്തെയും ഓപ്പിച്ചു് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു" എന്നു് വി. പൗലോസ് ശ്ലീഹാ പറയുന്നു. ആത്മാവു് വെറും ശക്തിയാണെങ്കിൽ ആത്മാവിനു് സ്നേഹം ഉണ്ടായിരിക്കുമോ? എഫേ. 4: 30ൽ "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതു്" എന്നു് പ്രബോധിപ്പിക്കുന്നു. ശക്തിയാണെങ്കിൽ പരിശുദ്ധമെന്നോ അശുദ്ധമെന്നോ പറയാനില്ല. വ്യക്തിക്കാണു് പരിശുദ്ധിയുള്ളതു്.

സങ്കീ: 139: 7—ൽ "നിന്റെ ആത്മാവിനെ ഒളിച്ചു് ഞാനെവിടേക്കു പോകും" എന്നുപറയുന്നതിനാൽ ദൈവത്തിന്റെ ആത്മാവില്ലാത്ത ഒരിടവും ഇല്ലെന്നറിയണം. പരി: ആത്മാവു് സർവ്വവ്യാപിയത്രെ.

1 കോറി: 12: 4—11 വരെ വായിക്കുമ്പോൾ ഒരേപരിശുദ്ധാത്മാവു് വിവിധകൃപവരങ്ങൾ പൊതുപ്രയോജനത്തിനായി ആവശ്യം നോക്കി വിഭജിച്ചു് കൊടുക്കുന്നതായി കാണുന്നു. 11—ാം വാക്യം:—"എന്നാൽ ഇതു എല്ലാം പ്രവർത്തിക്കുന്നതു്

www.malankaralibrary.com

താൻ ഇച്ഛിക്കും പോലെ അവനവന് അതതുവരം പകുത്തു കൊടുക്കുന്ന ഒരേ ആത്മാവു് തന്നെ." ആത്മാവു് വെറും ശക്തിയാണെങ്കിൽ ഇച്ഛിക്കാനും വരം പകുത്തു കൊടുക്കുവാനും കഴിയുമോ? ഒരു സവ്വജ്ഞത്വം പരി: ആത്മാവിനുള്ളതിനാലാണു് വേണ്ടപ്രകാരം വരം പകുത്തു് കൊടുക്കുവാൻ കഴിവുള്ളതു്.

2 കോറി: 13: 14 ൽ "പരിശുദ്ധാത്മാവിൻെറ കൂട്ടായ്മ" കോറിന്ത്യക്രിസ്ത്യാനികളോടു കൂടെ ഉണ്ടായിരിക്കട്ടെ എന്നു് അപ്പോസ്തോലൻ ആശീർവാദം കൊടുക്കുന്നു. കൂട്ടായ്മ എന്നതിനു് "Revised Standard Version"ൽ Fellowship എന്ന പദമാണു്—വെറും ശക്തിയുമായി കൂട്ടായ്മ (Fellowship) ഉണ്ടാകാറില്ല. ജീവനുള്ള ഒരു വ്യക്തിയായിട്ടാണു Fellowship ഉണ്ടാകുന്നുള്ളു. മനുഷ്യൻെറ ആത്മാവിനെ വാസ്തവത്തിൽ മനുഷ്യൻ തന്നെയായിപറയുന്നു. മോശയുടെ ആത്മാവു് രൂപാന്തര മലയിൽ കത്താവിനും ശിഷ്യന്മാക്കും പ്രത്യക്ഷപ്പെട്ടപ്പോൾ ആത്മാവിനെ മോശ തന്നെയായിട്ടാണു് പറഞ്ഞിരിക്കുന്നതു്. ദൈവത്തിൻെറ ആത്മാവു് എന്നു പരിശുദ്ധാവിനെ പറയുന്നുണ്ടു്. മത്താ: 12: 28. ദൈവത്തിൻെറ ആത്മാവു് ദൈവം തന്നെ. 1 കോറി 3: 16. ലും ദൈവത്തിൻെറ ആത്മാവു് എന്നുപറയുന്നു. ഒരു മനുഷ്യൻെറ അത്യഗാധവും അതിമമ്മവുമായ ഭാഗം ആത്മാവാണു്. ദൈവത്തിൻെറ ആത്മാവു് ദൈവത്തിൻെറ അത്യഗാധവും അതിമമ്മവുമായ അന്തർഭാഗമാണു്. ദൈവാത്മാവിനു് ദൈവത്തിലുള്ള ബന്ധത്തിൻെറ മഹനീയത വിശദീകരിപ്പാൻകഴിയും. 1 കോറി: 2: 11– നോക്കുക. "മനു

www.malankaralibrary.com

ഷ്യനിലുള്ളതു് അവനിലെ മനുഷ്യാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നെ ദൈവത്തിലുള്ളതു് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല". ദൈവാത്മാവു് ഗ്രഹിപ്പാൻ കഴിയുന്ന ഒരു വ്യക്തിയാണെന്നും ഇവിടെ കാണാം. വിദ്യുച്ഛക്തിപ്പോലെ ഒരു ശക്തിക്കു് ഗ്രഹിക്കുവാൻ കഴിവില്ലല്ലൊ.

പരിശുദ്ധാത്മാവു് ആൾ (Person) തന്നെയാണെന്നാണു് പുതിയ നിയമപഠനം കൊണ്ടു് മനസ്സിലാകുന്നതു്.

ആത്മാവു് എന്ന പദത്തിനു് (PNEUMA) ന്യൂമാ എന്ന പദം ഗ്രീക്കിൽപറയുന്നു. "ന്യൂമാ" നപുംസകലിംഗമാണു്. എന്നാൽ പരിശുദ്ധാത്മാവിനെ സംബന്ധിച്ചു് (EKEINOS) എക്കേയിനോസ് എന്നപദംപറയുന്നു. ഈ പദം പുല്ലിംഗമാണു്. സർവ്വനാമമായി പുല്ലിംഗം പരിശുദ്ധാത്മാവിനു് പറഞ്ഞിരിക്കുന്നതിനാൽ പരിശുദ്ധാത്മാവു് ആൾ തന്നെ ശക്തി മാത്രമല്ല.

വേറൊരു ഗ്രീക്കുപദം പരിശുദ്ധാത്മവിനു പറഞ്ഞിരിക്കുന്നതു് (PARAKLETOS) പാരക്ലീറ്റോസ് എന്നാണു്— ഇതും പുല്ലിംഗപദമാണു് അതിനു് തർജ്ജമആശ്വാസപ്രദൻ or കാര്യസ്ഥൻ. എന്നത്രെ 1 യോഹ: 2: 1—ൽഗ്രീക്കിലെപദം പാരാക്ലീറ്റോൻ എന്നാണു്. കാര്യസ്ഥൻ എന്നു് അർത്ഥം. വീണ്ടും മത്താ: 28: 19 ലും 2കോറി 13: 14 ലും പിതാവിൻേറയും പുത്രൻേറയും നാമം പറയുന്നതിനോടു് ചേർത്തു് പരിശുദ്ധാത്മാവിൻെറ നാമവും പറയു

www.malankaralibrary.com

നു. പിതാവിനും പുത്രനും വ്യക്തിത്വം ഉള്ളതുപോലെ പരിശുദ്ധാത്മാവിനും വ്യക്തിത്വം ഉണ്ടെന്നാണ് അതുതെളിക്കുന്നതു്.

അപ്പോ: പ്രവൃ: 15: 28–ൽ "പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നിയിരിക്കുന്നു" എന്നു എഴുതപ്പെട്ടിരിക്കുന്നതിനാൽ പരിശുദ്ധാത്മാവു് ഒരാളെന്നു് സ്പഷ്ടമാണു്. ഒരാളല്ല വെറും ശക്തിയാണെങ്കിൽ അപ്പസ്തോലന്മാരെപ്പോലെ പരിശുദ്ധാത്മാവിനു തോന്നുന്നതെങ്ങനെ Revised standard version ൽ "For it has seemed good to the Holy spirit and to us" എന്നാണു്

യോഹ: 16: 14– ൽ"അവൻ എനിക്കുള്ളതിൽ നിന്നു്എടുത്തു്നിങ്ങൾക്കു് അറിയിച്ചു തരുന്നതുകൊണ്ടു് എന്നെ മഹത്വപ്പെടുത്തും." ക്രിസ്തുവിൽ നിന്നു്പരിശുദ്ധാത്മാവു്എടുക്കുന്നതായും; അപ്പസ്തോലന്മാരെ അറിയിക്കുന്നതായും പറഞ്ഞിരിക്കുന്നു. എടുക്കുകയും അറിയിക്കുകയും ചെയ്യുന്നതു് വ്യക്തിത്വത്തിൻെറ ഗുണമാണല്ലോ.

ഒരുവ്യക്തിചെയ്യുന്നതുപോലെപരിശുദ്ധാത്മാവു് ചെയ്യുമ്പോൾ പരിശുദ്ധാത്മാവിനെ വ്യക്തിയായിട്ടല്ലാതെ എങ്ങനെ സ്വീകരിപ്പാൻ കഴിയും.

ഉല്പ: 6: 3. ൽ "എൻെറ ആത്മാവു സദാകാലവും വാദിച്ചു കൊണ്ടിരിക്കയില്ല." എന്നു കാണുന്നു. പരിശുദ്ധാത്മാവു് വാദിച്ചുകൊണ്ടിരിപ്പാൻ കഴിയുന്ന ആൾ തന്നെ.

ലൂക്കോ: 12: 12–ൽ "പറയേണ്ടതു് പരിശുദ്ധാത്മാവു് ആ നാഴികയിൽനിങ്ങളെപഠിപ്പിക്കും".

www.malankaralibrary.com

പഠിപ്പിക്കുവാൻ കഴിയുന്നവൻ ആരും ആയിരിക്കാതെ നിവൃത്തിയില്ലല്ലൊ. യോഹ: 16: 8. "അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും". ബോധം വരുത്തുക എന്നതിനു് "convince the world" എന്ന പാഠം Revised Standard Version ൽ കാണുന്നു. convince—ബോധപ്പെടുത്തുന്നതിനു് കഴിവുള്ളവനാണു് പരിശുദ്ധാത്മാവു്. മൂന്നു കാര്യങ്ങളെ ബോധപ്പെടുത്തുമെന്നു കാണുന്നു. അതിനാൽ ആളിന്റെ ജോലി പരിശുദ്ധാത്മാവു് നടത്തുന്നു. അപ്പോ: പ്രവൃ: 8: 29—ൽ "ആത്മാവു് പീലിപ്പോസിനോടു്: നീ അടുത്തുചെന്നു് തേരിനോടു് ചേൎന്നു നടക്ക എന്നു പറഞ്ഞു". പീലിപ്പോസിനോടു് ഒരു കാര്യം പറയണമെങ്കിൽ പരിശുദ്ധാവു് ആളായിരിക്കേണ്ടേ?

അപ്പോ: പ്രവൃ: 10 19–20. "പത്രോസ് ദർശനത്തെപ്പററി ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ആത്മാവു് അവനോടു്: മൂന്നു പുരുഷന്മാർ നിന്നെ അന്വേഷിക്കുന്നു; നീ എഴുന്നേററു് ഇറങ്ങിച്ചെല്ലുക; ഞാൻ അവരെ അയച്ചതാകകൊണ്ടു് ഒന്നും സംശയിക്കാതെ അവരോടുകൂടെ പോക എന്നു പറഞ്ഞു." ഈ വാക്യങ്ങളിൽ പരിശുദ്ധാത്മാവു് ഒരാളെന്നവണ്ണമല്ലേ പറയുന്നതും പ്രവൎത്തിക്കുന്നതും. പിന്നെ എങ്ങനെ പരി: ആത്മാവിനെ വെറും ശക്തി എന്നു പറയും

അപ്പ: പ്രവൃ: 13: 2. "ഞാൻ ബൎന്നബാസിനേയും ശൗലിനേയും വിളിച്ചിരിക്കുന്ന വേലയ്ക്കായിട്ടു്

www.malankaralibrary.com

അവരെ എനിക്കു വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവു് പറഞ്ഞു."

"ഞാൻ" എനിക്കു്" "പറഞ്ഞു" "വിളിച്ചിരിക്കുന്നു" ഇത്യാദി പദങ്ങൾ സവിശേഷമായി ആരേയും ബോധ്യപ്പെടുത്തുന്നതു് പരി: ആത്മാവു് ആൾ തന്നെയാണെന്നത്രെ.

അപ്പ. പ്രവ്യ: 16: 6-7. "അവർ ആസ്യയിൽ വചനം പ്രസംഗിക്കരുതെന്നു് പരി: ആത്മാവു് വിലക്കുകയാൽ ഫ്രുഗ്യയിലും ഗലാത്യദേശത്തിലുംകൂടി സഞ്ചരിച്ചു, മുസ്യയിൽ എത്തി ബിഥുന്യക്കു പോകുവാൻ ശ്രമിച്ചു; യേശുവിൻെറ ആത്മാവൊ അവരെ സമ്മതിച്ചില്ല."

ഇവിടെയും പരിശുദ്ധാത്മാവു് ഒരാളെ പോലെ പ്രവത്തിക്കുന്നുവല്ലൊ.

റോമ: 8: 26-ൽ അവസാനം "ആത്മാവു തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു."

ഒരാൾക്കല്ലാതെ വെറും ശക്തിക്കു് പക്ഷവാദം ചെയ്യ്‌വാൻ കഴിവില്ലല്ലൊ.

ഇങ്ങനെ പിതാവു് പുത്രൻ പരി: ആത്മാവു് എന്നു മൂന്നു നാമങ്ങൾ തിരിച്ചു് വേദത്തിൽ പറഞ്ഞിരിക്കുന്നതോടുകൂടി പരി: ആത്മാവു് ഒരാൾക്കടുത്ത പ്രവൃത്തികൾ ചെയ്യുന്നതിനാൽ ആത്മാവിൻെറ ആളത്വം വേദപുസ്തകത്തിൽ വ്യക്തമാക്കിയിരിക്കുന്നു എന്നു കാണാം.

എഫേ: 4. 30-ൽ "ദൈവത്തിൻെറ പരിശു

www.malankaralibrary.com

ദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്" എന്നു കാണുന്നു. ഒരാൾക്കല്ലാതെ വിദ്യുച്ഛക്തിപോലെയുള്ള ഒരു വെറും ശക്തിക്കു് ദുഃഖവികാരം ഉണ്ടാകുന്നതെങ്ങനെ?

അപ്പ: പ്രവൃ: 5: 9. "പത്രോസ് അവളോട്: കർത്താവിന്റെ ആത്മാവിനെ പരീക്ഷിപ്പാൻ നിങ്ങൾ തമ്മിൽ ഒത്തതെന്തു്?" ആത്മാവിനെ പരീക്ഷിപ്പാൻ എന്നു കാണുന്നതിനാൽ ആത്മാവിനെ ആളായിട്ടാണു് പത്രോസ്ശ്ലീഹാ പഠിപ്പിക്കുന്നതു്.

മത്താ: 12: 31. "ആത്മാവിനു് നേരെയുള്ള ദൂഷണമോ ക്ഷമിക്കയില്ല." ആത്മാവിനെതിരായിട്ടുള്ള ദൂഷണം ക്ഷമകിട്ടാത്ത പാപമായി കർത്താവു് പഠിപ്പിക്കുന്നു. ആത്മാവു് ഒരാൾ അല്ലെങ്കിൽ അതിനെതിരായി ദൂഷണം പറവാനൊ, അവനെതിരായി പാപം ചെയ്യാനൊ സാധിക്കുമോ? വെറും ശക്തിക്കെതിരായി പാപം ചെയ്യുന്നതെങ്ങനെ?

ഏശാ: 63: 10. "അവർ മത്സരിച്ചു് അവന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചു." പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാമെങ്കിൽ പരി: ആത്മാവു് ആളായിരിക്കണം.

റോമ: 15: 32-ൽ ആത്മാവിന്റെ സ്നേഹത്തെപ്പററി പറയുന്നു. ഒരു വ്യക്തിക്കല്ലാതെ സ്നേഹമുണ്ടാകുമോ?

അപ്പ: പ്രവൃ: 10. 38-ൽ "നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും" എന്നു കാണുന്നു. പരിശുദ്ധാത്മാവും ശക്തിയും രണ്ടാണെന്നല്ലേ ഈ വാക്യംകൊണ്ടു് അറിയേണ്ടതു്.

www.malankaralibrary.com

റോമ: 15: 13–ൽ "പരിശുദ്ധാത്മാവിൻെറ ശക്തിയാൽ" എന്നാണു് പറയുന്നതു്. പരിശുദ്ധാത്മാവു് ശക്തിക്കു് അതീതനായ ഒരു ആൾ ആണെന്നല്ലേ ഈ വാക്യം കാണിക്കുന്നതു്.

പ: ആത്മാവും ശക്തിയും വേറെയാണെന്നു് കാണിക്കുന്ന ഒരു വാക്യം I കോരി: 2: 5–ൽ കാണാം. "ആത്മാവിൻേറയും ശക്തിയുടേയും പ്രദർശനത്താലത്രെ" ആത്മാവും ശക്തിയും വേറെതന്നെ.

ലൂക്കോ; 4: 14–ൽ "യേശു ആത്മാവിൻെറ ശക്തിയോടെ ഗലീലക്കു മടങ്ങിച്ചെന്നു." ആത്മാവു് വെറും ശക്തിയല്ല; ആത്മാവിനു് ശക്തിയുണ്ടെന്നല്ലേ ഇവിടെ സൂചന.

I കോരി: 12: 11–ൽ "എന്നാൽ ഇതു എല്ലാം പ്രവർത്തിക്കുന്നതു് താൻ ഇച്ഛിക്കുംപോലെ അവനവനു് അതതു വരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവു് തന്നെ." ആത്മാവിനു് ഇഛയുണ്ടെന്നു കാണുന്നു. ഇഛക്കു് "Will" എന്നാണു് Revised standard version–ൽ കാണുന്നതു്. ശക്തിക്കല്ല വ്യക്തിക്കാണു് Will ഉള്ളതു്.

നെഹ: 9: 20. "അവരെ ഉപദേശിക്കേണ്ടതിനു് നീ നിൻെറ നല്ല ആത്മാവിനെ കൊടുത്തു." ഉപദേശിക്കുന്നതു് ഒരു ആൾ ആയിരിക്കണം.

ഇങ്ങനെ അസംഖ്യം വേദവാക്യങ്ങളുടെ വെളിച്ചത്തിൽ പരി: ആത്മാവിനെ വ്യക്തിയായി നാം വിശ്വസിക്കേണ്ടിയിരിക്കുന്നു.

സമാപ്തം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com